14 APR 1936

# ലക്ഷ്മീഭായി

പുസ്തകം ൩൧ | ൧൧൧൧ കുംഭം | ലക്കം ൧൧

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷയ്ക്കായ്ത്തന്നെ ദീക്ഷിച്ചമരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായീ'ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൗമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## സ്ത്രീലോകത്തിന്റെ ആധുനികസ്ഥിതി

രാഷ്ട്രീയലോകത്തിലെന്നുവേണ്ട, സകല പൊതുകാര്യങ്ങളിലും സമത്വത്തിന്നായി പൊരുതുന്ന അവസരത്തിൽ സ്ത്രീകൾ നിരന്തരം ഓർക്കേണ്ടതായ ഒരു സംഗതിയുണ്ട്. അത് ഈ സമത്വത്തിൽ പല ചുമതലകളും അന്തർഭവിച്ചിട്ടുണ്ടെന്നും അവ സ്ത്രീപുരുഷന്മാർക്കു പരസ്പരമുള്ളവയാണെന്നും അന്യോന്യസഹായസഹകരണങ്ങളാൽ നിർവ്വഹിക്കപ്പെടേണ്ടവയാണെന്നുമാണ്. "സ്ത്രീയും പുരുഷനും മനുഷ്യവംശത്തിന്റെ ഓരോ അപൂർണ്ണമായ അർദ്ധമാണ്. അതിൽ ഒന്നു മറേറതിലും മേത്തര

മെന്നോ ഒന്നു കീഴ്ത്തരമെന്നോ പറയുവാൻ പാടില്ലെന്നു തന്നെയല്ല, രണ്ടും അന്യോന്യം ആശ്രയിച്ചുമാണിരിക്കുന്നത്. കർത്തവ്യത്തേയും, ഉത്തരവാദിത്വത്തേയും, ബഹുമതിയേയും അവർ തുല്യനിലയിൽ കൈക്കൊള്ളേണ്ടതുമാകുന്നു. ഭക്തിബഹുമാനാദികൾ പരസ്പരമുണ്ടായിരിക്കയും വേണം" എന്നു ശ്രീമതി സരോജിനിനായിഡു ഒരവസരത്തിൽ പറയുകയുണ്ടായി.

എന്നാൽ നമ്മുടെ സ്ത്രീകൾ നവീകരണവിഷയത്തിൽ തീരെ വിരോധികളായിരിക്കുന്നപക്ഷം ഈ സഹകരണം എങ്ങിനെ സാദ്ധ്യമാകും? ഒരു ഭാരതീയവനിത തന്നെ ഭാരതീയസ്ത്രീകളെപ്പററി, "ആധുനികവിദ്യാഭ്യാസവിഹീനകളും, വിവേചനാരാഹിത്യത്താൽ സഹധർമ്മിണീപദത്തിൽ മിക്കപ്പോഴും പരാജയപ്പെടുന്നവരും, ഭൂരിപക്ഷവും പുരുഷന്മാക്ക് അവരുടെ അഭിവൃദ്ധിക്കുള്ള പുരോഗതിക്കുതകുന്ന മാതൃകകൾക്കും ആകാംക്ഷകൾക്കും സഹായത്തിനേക്കാൾ തടസ്സമായിത്തീരുന്നവരും" എന്നിങ്ങിനെ ദൂഷിച്ചിട്ടുണ്ട്. ഇതു തീരെ അന്യായവും ധാർഷ്ട്യപ്രഭൂയിഷ്ഠവുമായ ഒരു നിരൂപണമാണെന്നു നിസ്സംശയം പറയാം. ഭാരതഖണ്ഡത്തിൽ ഇതിൽനിന്നും വളരെ വ്യത്യാസപ്പെട്ട അനേകം മഹിളാമണികളുണ്ട്. എന്നുതന്നെയല്ല ആധുനികപുരോഗതിയിൽ കണ്ടുവരുന്ന മാതൃകകൾ ആത്യന്തം നമ്മുടെ സ്ത്രീലോകത്തിന്ന് അഭിലഷണീയമല്ലെന്നും തന്മൂലം അവയെ പ്രമാണങ്ങളാക്കിവെച്ചിട്ടല്ല തിട്ടു കല്പിക്കേണ്ടതെന്നും ഉള്ള വസ്തുത സ്മരണീയവുമാണ്. എങ്കിലും നമ്മുടെ സ്ത്രീകൾക്കിടയിൽ ഗണ്യമായ ഒരു പിൻവലിച്ചിൽ ഇല്ലെന്നു പറഞ്ഞുകൂടാ.

"കാര്യത്തിൽ കളി പാടില്ല; കളിയെക്കാര്യമാക്കൊലാ;
ചെയ്യുന്നതെല്ലാം നല്ലോണം ചെയ്യണം............"

എന്നുള്ള നിയമം തീൎച്ചയായും ഉത്തമമായിട്ടുള്ളതുതന്നെ. പതിയുടെ 'ഉത്തമാൎദ്ധം' എന്ന ബഹുമതിക്ക് അൎഹതയുള്ളവരാകുവാൻ സ്ത്രീകൾ സ്ഥിരപരിശ്രമം ചെയ്യണം. വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നും ഇതിനാൽ വന്നുകൂടുന്നു. ശ്രീമതി കമലാദേവിചതോപാദ്ധ്യായ അടുത്തൊരവസരത്തിൽ വിശദീകരിച്ചതുപോലെ ഭാരതീയവനിതകളിൽ അധികംപേരുടെ ഇടയിലും വിദ്യാഭ്യാസമെന്നുവേണ്ട അക്ഷരജ്ഞാനംപോലും ഇനിയും വ്യാപിച്ചിട്ടില്ലെന്ന വസ്തുതയും ഓൎമ്മവെക്കേണ്ടതാണ്. സംസ്കാരം സിദ്ധിച്ച സ്ത്രീകളെപ്പററി പറയേണ്ടിവരുന്ന അവസരങ്ങളിൽ പ്രാസംഗികർ വിവിധസൌകൎയ്യങ്ങൾ ലഭിക്കുവാൻ ഭാഗ്യമുള്ള ധന്യവൎഗ്ഗങ്ങളെപ്പററി മാത്രം പ്രസ്താവിച്ചുവരുന്നതും പരിതാപകരമായ ഒരു സാധാരണസമ്പ്രദായമായിത്തീൎന്നിട്ടുണ്ട്. "അതുകൊണ്ടുതന്നെയാണ് ഭാരതഭൂമിക്കു ഗണ്യമായ പുരോഗതിയുണ്ടെന്നും, ഭാരതീയവനിതകൾ സാമുദായികജീവിതത്തിൽ കൂടുതൽ ഭാഗഭാക്കുകളായിത്തീൎന്നിട്ടുണ്ടെന്നും, വിദ്യാഭ്യാസത്തിന്നു ധാരാളം പ്രചാരമുണ്ടെന്നും, സ്ത്രീകൾ ഉദ്യോഗങ്ങളിലേപ്പെടുന്നുണ്ടെന്നും അവർ സങ്കല്പിക്കുവാൻ ഇടയായത്. എന്നാൽ സത്യാവസ്ഥ എന്തായിരുന്നു? ദേശത്തിന്റെ അഭിവൃദ്ധിയെപ്പററി പ്രതിപാദിക്കുന്ന സന്ദൎഭങ്ങളിൽ അവർ സാധാരണയായി അഗണ്യനിലയിൽ തള്ളിക്കളയുന്ന ൯൦ ശതമാനം സ്ത്രീകളുടേയും സംഗതിയോ? തങ്ങളുടെ സ്ത്രീലോകം സ്വസ്ഥാനത്തെത്തിത്തുടങ്ങിയെന്നു കരുതിയപ്പോൾകൂടിയും അവർ വളരെ നയത്തോടുകൂടി നിഷ്പ്രയാസം തിരശ്ശീലയുടെ പിന്നിൽ നിൎത്തിയ ആ ഭൂരിപക്ഷം സ്ത്രീജനങ്ങളും അവിടെത്തന്നെ ഉണ്ടായിരുന്നു. ൯൭-ം ൯൦-ം ശതമാനം സ്ത്രീകൾക്കും അവരവൎക്ക് മുറ

പ്രകാരം കിട്ടേണ്ടതായ സൌകൎയ്യങ്ങൾ കൊടുക്കാതെയാണിരുന്നിട്ടുള്ളത്.” ഈ വലിയ ഭൂരിപക്ഷത്തിന്നു വിദ്യാഭ്യാസത്തിന്നെന്നുവേണ്ട അക്ഷരാഭ്യാസത്തിന്നുപോലുമുള്ള അവസരം നല്കപ്പെടുന്നില്ല. ദാരിദ്ര്യമഗ്നകളായി, ഒരു സാമാന്യമാനുഷജീവിതം നയിക്കുവാൻ വേണ്ട സൌകൎയ്യംപോലുമില്ലാത്തവരായി, ആത്മവ്യക്തിത്വത്തെ പ്രത്യക്ഷപ്പെടുത്തുവാനശക്തകളായിരിക്കുന്ന ആ സാധുസ്ത്രീകൾക്കു രാഷ്ട്രീയജീവിതത്തിൽ പങ്കെടുക്കുവാൻ എങ്ങിനെ സാധിക്കും? സംസ്കാരം സിദ്ധിച്ചിട്ടുള്ള വിഭാഗങ്ങളിൽകൂടിയും സ്ത്രീകളുടെ ആസ്തിത്വം, ആചാരം, കീഴ്നടപ്പ്, മതം, സമുദായവ്യവസ്ഥ എന്നിവകളാൽ തടയപ്പെട്ടാണിരിക്കുന്നത്. സ്ത്രീജീവിതം വിവാഹത്തിന്നും, സന്താനോൽപാദനത്തിന്നും മാത്രമുള്ളതാണെന്നാത്രെ മിക്ക ജനങ്ങളുടേയും ഉദ്ദേശം; തൽഫലമായി ഭർത്തൃനിൎയ്യാണാനന്തരം സമുദായത്തിൽനിന്നും സ്ത്രീ നിശ്ശേഷം ബഹിഷ്കൃതയായിത്തീരുകയും ചെയ്യുന്നു. സ്ത്രീലോകം അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ ഇപ്രകാരമുള്ള മനസ്ഥിതികൾ പാടേ മാറേണ്ടിയിരിക്കുന്നു. ഇതുപോലെത്തന്നെ ഭാരതഭൂമിയിൽ സ്ത്രീപുരുഷന്മാരെ സംബന്ധിച്ചു സദാചാരവിഷയത്തിൽ വ്യത്യസ്തമായ വ്യവസ്ഥകൾ ഇപ്പോഴും നിലനിന്നുവരുന്നതും ഭേദപ്പെടുത്തേണ്ടതത്യാവശ്യമാണ്. “ദ്വിവിധമായ ഈ സദാചാരവ്യവസ്ഥയെ അംഗീകരിച്ചുകൊണ്ടിരിക്കുന്ന കാലത്തോളം ഭാരതീയരുടെ ജീവിതരീതി അഞ്ഞൂറുകൊല്ലങ്ങൾക്കു മുമ്പുള്ള ഒന്നാണെന്നു വന്നുകൂടുന്നു. എന്തെന്നാൽ ഈ വൈവസായികകൽപം ആരംഭിച്ചിട്ടു മൂന്നൂറു വൎഷത്തോളം കഴിഞ്ഞിരിക്കുന്നു. ഏതു രാജ്യത്തും ദ്വിവിധമായ ഈ സദാചാരവ്യവസ്ഥ ക്ഷയോന്മുഖമായ സമുദായത്തി

ൻെറ പ്രത്യേകചിഹ്നമായിരിക്കും; ഈ ലക്ഷണം അതിൻെറ മൂർദ്ധന്യദശയിൽ ഭാരതത്തിൽ ഇന്നു കാണ്മാനുമുണ്ട്. ഇന്നത്തെ സമുദായന്യൂനതകൾക്കുള്ള മൂലകാരണം, പുരുഷനു സ്ത്രീയോടെന്നപോലെ ധനികനു ദരിദ്രനോടും, ഉയൎന്നജാതിക്കു, താഴ്ന്നജാതിയോടും ഉള്ള ഈ ഒരേ മനസ്ഥിതി മാത്രമാണ്." എന്നാൽ, ന്യായമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമേ ഒരു ഏകവ്യവസ്ഥ അഭിലഷണീയമായിരിക്കയുള്ളൂ എന്ന സംഗതിയും ഈയവസരത്തിൽ സ്മരിക്കേണ്ടതാണ്. സ്ത്രീകൾക്കുള്ള സദാചാരവ്യവസ്ഥകളെ വിസ്തൃതമാക്കുന്നതിൻെറ ഫലമായി അവർ വിവാഹബന്ധമോചനം മുതലായ അനാശാസ്യകൃത്യങ്ങൾക്കാണ് മുതിരുന്നതെങ്കിൽ, വ്യവസ്ഥകൾക്ക് ഐകരൂപ്യം വരുത്തുന്നതുകൊണ്ടു യാതൊരു ഗുണവും കിട്ടുവാനില്ല. പക്ഷെ ഇതുകൊണ്ട് ആചാരവ്യവസ്ഥ പൂർവ്വാധികം ഉയൎച്ചയെ പ്രാപിച്ചു സൽവൃത്തി സർവ്വഗുണപൂർണ്ണമാകുവാൻ പുരുഷലോകത്തെ അഭ്യസിപ്പിക്കയും ഏതൽഫലമായി അവൎക്ക് അവരുടെ സ്ത്രീസമുദായത്തിലെ ശ്രേഷ്ഠമാതൃകകളോട് ഏതാനും സമീപിക്കുവാനും സാധിക്കുകയാണ് ചെയ്യുന്നതെങ്കിൽ ഈ വ്യവസ്ഥ ഏററവും ശോഭനമായിരിക്കയും ചെയ്യും.

സന്ദേഹവേളകളിലെ സംഭ്രമജനകമായ നിമിഷങ്ങളിൽ സ്ത്രീകൾ പ്രദർശിപ്പിച്ചുവരുന്ന അത്ഭുതകരമായ കർമ്മകുശലതയിൽനിന്നും അവർ ഉത്തമമായ സഹകരണത്തിനു ത്രാണിയുള്ളവരാണെന്നു തെളിയുന്നു. വേഗതയോടും കാര്യപ്രാപ്തിയോടുംകൂടി പ്രവർത്തിക്കുന്നതിനു സ്ത്രീകൾക്കു ത്രാണിയുണ്ടെന്നുള്ളതിനു സമത്വവാദികളായ യൂറോപ്യൻവനിതകളുടെ സേനാവിന്യാസകൌശല

ത്തിനു സമാനമായ കാൎയ്യനൈപുണ്യവും, അടുത്ത കാലത്തുണ്ടായ നിയമലംഘനപ്രസ്ഥാനത്തിൽ ഭാരതീയവനിതകൾ ചെയ്തിട്ടുള്ള നിസ്സീമമായ ത്യാഗങ്ങളും സാക്ഷ്യംവഹിക്കുന്നു. ഭാരതീയസ്ത്രീകൾക്കു നിൎവ്വഹിക്കാവുന്ന പല കൃത്യങ്ങളുമുണ്ട്. ശ്രീമതി സരോജിനിനായിഡു അഭിപ്രായപ്പെട്ടതുപോലെ, അവൎക്കു ദേശത്തിൽ യോജിപ്പുണ്ടാക്കാവുന്നതാണ്. "ആധിപത്യത്തിനും ഉദ്യോഗലബ്ധിക്കുമുള്ള ദുരാശമൂലം പുരുഷന്മാർ തമ്മിൽ കലഹിക്കുമ്പോൾ അവിടെ സന്നിഹിതരായി അവരെ യോജിപ്പിക്കയെന്നതു ഭാരതീയസ്ത്രീകളുടെ കൎത്തവ്യമാണ്. സ്ത്രീത്വം എന്നും എങ്ങും ഒന്നുതന്നെയായതുകൊണ്ട് ഈ കൃത്യനിൎവ്വഹണത്തിനു യോജിച്ചവർ സ്ത്രീകൾതന്നെയാണ്. സ്ത്രീത്വത്തെ, ഹൈന്ദവസ്ത്രീത്വം, മുഹമ്മദീയസ്ത്രീത്വം, ക്രൈസ്തവസ്ത്രീത്വം എന്നിങ്ങിനെ വിഭജിക്കുക അസാദ്ധ്യമാണ്."

ഇതിനുംപുറമെ സ്ത്രീകൾക്കു താഴ്ന്നതരക്കാരെന്നു പറയപ്പെടുന്ന സമുദായാംഗങ്ങൾക്കു പലവിധസഹായങ്ങളും ചെയ്യാവുന്നതാണ്. "ഒരു സ്ത്രീക്ക് അനുഷ്ഠിക്കുവാൻ സാധിക്കുന്ന അത്യുത്തമമായ ഈശ്വരപൂജ, ദാരിദ്രപീഡിതരായി, വസ്ത്രഹീനരായി, ഗേഹരഹിതരായി ഉഴലുന്ന, സ്വസഹോദരങ്ങളായ അസംഖ്യം സ്ത്രീപുരുഷന്മാരെ സഹായിക്കയെന്നതാണ്. സ്ത്രീയും പുരുഷനും പരസ്പരം സഹായിക്കയും ഉപകരിക്കയും അവർ ഏകോപിച്ചു ലോകോപകാരം ചെയ്കയും വേണം."

ഭാരതീയസ്ത്രീകൾക്കു ചെയ്യത്തക്കതായ മറെറാരു സംഗതി സ്വദേശത്തുള്ള പാശ്ചാത്യവനിതകളുമായി മൈത്രീബന്ധം വൎദ്ധിപ്പിക്കുകയാണ്. അവരും സ്ത്രീകൾതന്നെയല്ലേ? ദൈവദൃഷ്ടിയിൽ അവരും നമ്മുടെ സ

ഹോദരിമാർതന്നെ അവരുമായി കൂടുതൽ മൈത്രിയെ പുലർത്തി ഇരുകൂട്ടരിലും സ്ഥിതിചെയ്യുന്ന ഗ്രഹണീയഗുണങ്ങളെ പരസ്പരം കണ്ടറിഞ്ഞു പഠിക്കേണ്ടതല്ലേ? പാശ്ചാത്യവനിതകഠം നമ്മുടെ മൈത്രിയെ ആരാഞ്ഞുതുടങ്ങുകയെന്ന ഘട്ടം എത്തിയിരിക്കുന്നു. അവരെ അന്വേഷിച്ചു ചെല്ലുവാനായി താൽപര്യപ്പെട്ടിരിക്കുകയെന്നു സംഗതി ഉണ്ടായിരുന്നു. ഇതിന്നുദാഹരണമായി സ്കോച്ചുവനിതകളുടെ ഒരു വിരുന്നുസൽക്കാരാവസരത്തിൽ പറയപ്പെട്ട ഭാഗം ഇവിടെ ഉദ്ധരിക്കാം. 'നാം വസിക്കുന്ന ദേശത്തിന്നു മംഗളാശംസചെയ്തതിനെ പിന്തുടൎന്നുകൊണ്ട് ഒരു വനിത ഇങ്ങിനെ പ്രസ്താവിച്ചു:—

"എൻെറ അഭിപ്രായപ്രകാരം ഈ ദേശത്തിൽ അതിയായ സ്നേഹത്തെ അൎഹിക്കുന്ന സ്ത്രീലോകത്തെപ്പററിയാണ് ഞാനീയവസരത്തിൽ സ്മരിക്കുന്നത്. ഈ ദേശത്തിലെ സ്ത്രീകഠംക്കും നമുക്കും തമ്മിലുള്ള മൈത്രിമൂലം നാമൊന്നിച്ചു പങ്കുകൊള്ളേണ്ട പല സംഗതികളുമുണ്ട്. നാം പരസ്പരം സ്നേഹത്തെ കൈമാററം ചെയ്യുന്നതുകൊണ്ട് ഈ ദേശവാസം നമുക്കും അവക്കും ശോഭനമായിത്തീരുകയും ചെയ്യുന്നു. നമ്മുടെ പുരുഷന്മാർ അവരുടെ പുരുഷന്മാരുമായി കാൎയ്യസംബന്ധമായോ ഉദ്യോഗസംബന്ധമായോ മാത്രം ഇടപെടുകയും മിക്കവാറും അവിടംകൊണ്ടുതന്നെ ആ ബന്ധം അവസാനിക്കയും ചെയ്തുവരുന്നു. ജീവിതത്തിലെ ആഡംബരശൂന്യമായ സാധാരണസംഗതികളിലും സ്നേഹപരമായ സംസൎഗ്ഗത്തിലും അടുത്തുപെരുമാറേണ്ടതു സ്ത്രീകളായ നമ്മുടെ കൎത്തവ്യമാണ്. എന്നാൽ ആൎദ്രചിത്തകളും ഉന്മേഷവതികളും നിസ്വാൎത്ഥശീലകളുമായ ഭാരതസ്ത്രീകളുമായി മൈത്രി ലഭിക്കുവാനുള്ള നമ്മുടെ ആഗ്രഹത്തെ അവർ അംഗീകരിക്കയും ചെയ്യും."

ആശാസ്യമായ ഈ മനോഭാവത്തെ അതേ ആശയബോധത്തോടുകൂടി നാം സ്വീകരിക്കേണ്ടതുമാണ്. ആംഗ്ലേയഭാഷാപരിജ്ഞാനം തീരെ അനാവശ്യമാണെന്നു കരുതിവരുന്ന ഭാരതീയസ്ത്രീകളും ഉണ്ട്. എന്നാൽ ആംഗ്ലേയഭാഷ നമ്മുടെ പുരുഷന്മാരുടെ വിദ്യാഭ്യാസത്തിനു കാരണമായ ഭാഷയാണ്. പുരുഷനുമായി പൂർണ്ണസഹകരണത്തിലേപ്പെടുവാൻ സാധിക്കേണ്ടതിന്നു നമ്മുടെ സ്ത്രീകൾക്കും ആ ഭാഷാജ്ഞാനം ആവശ്യമാണ്. ലോകമൊട്ടുക്കും നടക്കുന്ന സംഗതികൾ നമുക്കു പൂർണ്ണമായി മനസ്സിലാക്കുവാനുള്ള മാർഗ്ഗങ്ങളിലൊന്ന് ആംഗ്ലേയഭാഷാജ്ഞാനമാണ്. ആംഗ്ലേയഭാഷ മനോഹരമായ സാഹിത്യത്തോടുകൂടിയ ഒരു ഭാഷയാണ്. അതു നാമൊരുമിച്ചു വസിക്കുന്ന വിദേശസഹോദരികളുടെ ഭാഷയാണ്. അവർ രാത്രിയിൽ കടന്നുപോകുന്ന കപ്പലുകൾപോലെയാണെങ്കിലും ലോകത്തിൽ ദേശീയസംഘടനയ്ക്കുള്ള സജീവോദാഹരണങ്ങളുമാണ്. ആയതുകൊണ്ടു നമ്മുടെ സ്ത്രീകൾക്ക് ഏതെങ്കിലും ഒരു പാശ്ചാത്യഭാഷയിൽ പ്രത്യേകിച്ചും ലോകത്തിലെ പൊതുഭാഷകളിലൊന്നായ ആംഗ്ലേയഭാഷയിൽ ജ്ഞാനമുണ്ടായിരിക്കേണ്ടതാണ്. വിദേശവനിതകളും സംസാരിക്കേണ്ടതിനുവേണ്ടിയെങ്കിലും ഭാരതഭാഷകളിൽ ഒന്നു കഴിയുന്നത്ര പരിശ്രമിച്ചു പഠിക്കുകയും വേണം.

ഇനി "പുരുഷന്മാർ സ്ത്രീകളുടെ ആയുധങ്ങൾ ഉപയോഗിച്ചാൽ" എന്തു സംഭവിക്കുമെന്നുകൂടി ഒന്നാലോചിക്കാം. 'വസ്ത്രവും സൌന്ദര്യവും' എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെക്കുറിച്ച് ഒരാൾ വ്യാഖ്യാനിക്കുവാൻ തുടങ്ങുന്നതുതന്നെ ഒന്നാമതായി പുരുഷന്മാർ നേരം വൈകി വരുന്നതായാൽ സ്ത്രീകൾ അതു തീരെ മര്യാദകേടാ

ണെന്നു കോപിക്കുകയും തങ്ങൾക്കു നേരം വൈകുന്നതായാൽ അതു ഞങ്ങൾക്കുള്ള പ്രത്യേകസ്വാതന്ത്ര്യമാണെന്നു കരുതുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്നുള്ള ഒരു ചോദ്യത്തോടുകൂടിയാണ്. ഇതിനുംപുറമെ കളികളിലും മററും പ്രത്യേകസ്വാതന്ത്ര്യങ്ങൾക്ക് അവർ അവകാശം പറയുന്നതെന്തിനായിട്ടാണെന്ന് അദ്ദേഹം ചോദിക്കുന്നു. ഒരു പുരുഷൻ വിവാഹനിശ്ചയത്തെ ശിഥിലപ്പെടുത്തുന്നതായാൽ ആ പുരുഷൻ ഒരു ഖലനാണെന്നും ആ പ്രവൃത്തിതന്നെ ഒരു സ്ത്രീ ചെയ്യുന്നതായാൽ അതു സ്ത്രീയുടെ ധൈൎയ്യത്തിൻെറയും വിവേകത്തിൻെറയും ലക്ഷണമാണെന്നും തീരുമാനിക്കപ്പെടുന്നതെന്തുകൊണ്ടാണ്? "തനിക്ക് അബദ്ധം പററിയതാണെന്ന് ഒരു സ്ത്രീ മനസ്സിലാക്കുന്നതു ശരിയായും അതേ വസ്തുത ഒരു പുരുഷൻ മനസ്സിലാക്കുന്നതു തെററായും തീരുന്നതെങ്ങിനെയാണ്?" ഇത്രതന്നെയുമല്ല, തന്നെക്കാൾ ധനവതിയായ ഒരു പത്നിയെ ലഭിക്കുവാൻ സംഗതിയായാൽ പുരുഷനെ കുററപ്പെടുത്തിവരുന്നപോലെ, തന്നെക്കാൾ ധനവാനായ ഒരു പതിയെ കരസ്ഥമാക്കുവാൻ ശ്രമിക്കുന്ന ഒരു സ്ത്രീയെ എന്തുകൊണ്ടു കുററപ്പെടുത്തിക്കൂടാ? "എന്തെങ്കിലും കാൎയ്യം സാധിക്കേണ്ടതായ സന്ദൎഭങ്ങളിൽ ഭൂരിപക്ഷം സ്ത്രീകൾക്കും മനസ്സാക്ഷി ഉള്ളതായി കാണുന്നേയില്ല" എന്നാണ് അദ്ദേഹം പറയുന്നത്. സ്ത്രീകളുടെ നിശ്ചയപ്രകാരം ഫലപ്രദമായ ഏത് ആയുധവും സ്വീകാൎയ്യമാണ്. ഏതു സംഗതിയിലും ഏതു പരിതസ്ഥിതിയിലും ഒരു പുരുഷനു യുക്തമല്ലാത്തതായ പെരുമാററം ഒരു സ്ത്രീക്ക് അനുവദിക്കപ്പെടുന്നതെന്തിന്? സ്ത്രീക്കും പുരുഷനും സമത്വമില്ലായിരുന്നെ

ങ്കിൽ, സ്ത്രീസമുദായം പുരുഷസമുദായത്തേക്കാൾ ശക്തി കുറഞ്ഞതായിരുന്നെങ്കിൽ ഈ വ്യത്യാസം ഒരുപക്ഷേ മനസ്സിലാക്കാവുന്നതാണ്. എന്നാൽ ദിനംപ്രതി വിവിധരീതിയിൽ ശ്രവണപുടങ്ങളെ ഭേദിച്ചു മുഴങ്ങിക്കൊണ്ടിരിക്കുന്ന വസ്തുത, കാൎയ്യത്തിലും കളിയിലും ഒരേനിലയിൽ പുരുഷന്മാരോടൊപ്പം നിന്നു മത്സരിക്കുവാൻ തങ്ങൾക്കുള്ള പാടവം അനേകം പരിവൎത്തി സ്ത്രീകൾ കാണിച്ചുതന്നിട്ടുള്ള ഈ യുഗം സ്ത്രീപുരുഷസമത്വമുള്ള ഒന്നാണെന്നല്ലേ?

സത്യാവസ്ഥയിൽ ഇതു നിശ്ശേഷം വാസ്തവവുമാണ്. അവർ തങ്ങൾക്കുള്ള സാമൎത്ഥ്യം പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ സ്ത്രീകൾ ഇത്രസ്സുമാത്രം ശേഷിയുള്ളവരാണെന്ന ആ ഒരു സംഗതികൊണ്ടുതന്നെയാണ് നിരൂപണങ്ങളിൽനിന്നും മത്സരങ്ങളിൽനിന്നും മററും സാമാന്യമായി രക്ഷ കിട്ടുവാൻവേണ്ടി മാത്രം 'ഞങ്ങൾ സ്ത്രീകളാണ്' എന്ന് അവർ പറയുന്നത് ഏററവും അനുചിതവും അന്യായവുമായി തോന്നിപ്പോകുന്നത്.

തോട്ടക്കാട്ടു ഭവാനിയമ്മ.

## ക്ഷേത്രങ്ങളും അവയുടെ താൽപൎയ്യങ്ങളും

നമുക്കു ക്ഷേത്രങ്ങൾ ധാരാളമുണ്ട്. നമ്മളിൽ മിക്കവരും ദിവസേനയോ കൂടക്കൂടയോ ഈ ക്ഷേത്രങ്ങളിൽ പോകാറുമുണ്ട്. എന്നാൽ അവയെപ്പററി ഒരു സാധാരണയായ അറിവുമാത്രമേ നമുക്കുള്ളു. ദൈവത്തിന്റെ ഒരു പ്രത്യക്ഷഅടയാളമാണ് വിഗ്രഹമെന്നും അവിടെ നടക്കുന്നതെല്ലാം ജനങ്ങളെ ആകൎഷിക്കുന്നതിന്നാണെന്നും സാധാരണയായി വിചാരിക്കുന്നു.

ഈ ക്ഷേത്രങ്ങൾ പള്ളികളെപ്പോലെ ജനങ്ങൾക്കുള്ള പൊതുപ്രാത്ഥനാസ്ഥലങ്ങളായി ഗണിക്കപ്പെടുന്നില്ല. അല്ലെങ്കിൽ അവ രചയിതാവിൻേറയോ കൊത്തുപണിക്കാരൻേറയോ കരകൌശലസാമത്ഥ്യം പ്രത്യക്ഷപ്പെടുത്താൻ മാത്രം പണിചെയ്യതുമല്ല; ഇതിൽനിന്നും കൂടുതലായ ഒരുദ്ദേശം അവകൾക്കുണ്ട്. നമ്മുടെ മതത്തിൽ മറെറല്ലാത്തിനും ഉള്ളപോലെ ഈ ക്ഷേത്രങ്ങളും ഏകസംഗതിക്കല്ല ഉതകുന്നത്; അവയിൽ ആത്മീകവിഷയം പ്രധാനമായിരിക്കുകയും ചെയ്യും.

ജീവിതോദ്ദേശം ഈശ്വരനെ അറിയാനാകുന്നു. അദ്ദേഹത്തിനെ അപാരഗുണങ്ങളോടുകൂടിയറിയുന്നത് അദ്ദേഹത്തിൻെറ സൃഷ്ടിയുടെ—ലോകം മുഴുവനോ അല്ലെങ്കിൽ ബ്രഹ്മാണ്ഡമോ—എല്ലാം അറിയുന്നതിനുമാകുന്നു. അതു മിക്കവാറും ഒരു അസാദ്ധ്യപ്രയത്നംതന്നെ. എന്നാൽ സ്ഥൂലബ്രഹ്മാണ്ഡത്തിലുള്ളതെല്ലാം സൂക്ഷ്മബ്രഹ്മാണ്ഡത്തിലുമുണ്ടെന്നു നമ്മളോടു പറഞ്ഞിരിക്കുന്നതുകൊണ്ടു തന്നെത്താൻ അറിയുന്നതിനാൽ മറെറല്ലാം അറിയപ്പെടുന്നു. തങ്ങളുടെ ആത്മാവിനെ സാക്ഷാൽകരിച്ചിട്ടുള്ള നമ്മുടെ പൂവ്വികന്മാരായ ഋഷികൾ ഈ ക്ഷേത്രങ്ങളെ പണിചെയ്യിച്ചിട്ടുള്ളതു നമ്മുടെ സ്ഥൂലശരീരത്തെ പ്രത്യക്ഷീകരിച്ചും ആന്തരാശയങ്ങളേയോ ആത്മാവിനേയോ ഈശ്വരനേയോ ഉള്ളിൽ പ്രതിഷ്ഠിച്ചും അവയിൽ ആചരിക്കേണ്ട നടപടികൾ ആത്മസാക്ഷാൽക്കാരത്തെ അനുഭവപ്പെടുത്തുന്ന നടപടികളുമാകുന്നു. ഇപ്രകാരം ഈ ക്ഷേത്രങ്ങളും അവകളിലെ വിവിധകമ്മങ്ങളും ഉത്സവാദികളും എല്ലായ്പോഴും ഉള്ളിലിരിക്കുന്ന ആത്മാവിനെക്കുറിച്ചു നമ്മളെ സ്മരിപ്പിക്കുന്നതിനും, അതിനെ സാക്ഷാൽകരിക്കുന്നതിൻെറ ആവ

ശ്യകതയേയും അതു സിദ്ധിക്കുന്നതിന്നുള്ള വിവിധ ചര്യ്യകളെ പിന്തുടരേണ്ടതിനെക്കുറിച്ചും, അതിനാൽ ലഭിക്കുന്ന പരമാനന്ദത്തെപ്പററിയും, കാണിച്ചുതന്നു നമ്മൾക്കും ഈ ബന്ധത്തിൽനിന്നു നമ്മുടെ ആത്മാവിനെ മോചിപ്പിച്ചു പരമാനന്ദപ്രാപ്തി വരുത്തി ജീവിതോദ്ദേശം നിറവേററാമെന്നും ഓർമ്മപ്പെടുത്തുന്നതിന്നായിട്ടാകുന്നു.

ശാസ്ത്രവിധിപ്രകാരം പണിചെയ്തിട്ടുള്ള ഒരു ക്ഷേത്രത്തിൽ പ്രാകാരങ്ങൾ അഥവാ ചുററുമുള്ള മതിലുകളുമാണുള്ളത്. ഇവ ഏഴോ, അഞ്ചോ, മൂന്നോ, ഒന്നുമാത്രമോ ആകുന്നു. സപ്തപ്രാകാരങ്ങൾ ദേഹത്തിലെ സപ്തസാധനങ്ങളെ കുറിക്കുന്നു; അവ ത്വക്ക്, രക്തം, മാംസപേശികൾ, ഞരമ്പുകൾ, സ്രോതസ്സുകൾ, മജ്ജ, എല്ലുകൾ ഇവയാകുന്നു. ഇവ ദേഹത്തിലെ പാദങ്ങൾ, ഞെരിയാണികൾ, തുടകൾ, ഉദരം, മാറിടം, കഴുത്തു, തല ഇവയെ കുറിക്കുന്നതാണെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

അഞ്ചു പ്രാകാരങ്ങളുള്ള ക്ഷേത്രങ്ങളുടെ കാര്യ്യത്തിൽ അവ ദേഹത്തിലെ പഞ്ചകോശങ്ങളായ അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം ഇവയെ കാണിക്കുന്നു. അന്നമയകോശം ദേഹത്തെ ഉണ്ടാക്കുന്ന സ്ഥൂലസാധനങ്ങളെക്കൊണ്ടുണ്ടാക്കിയതാകുന്നു. അന്നം അല്ലെങ്കിൽ ഭക്ഷണസാധനം ഇവയിൽനിന്നുണ്ടാകുന്ന ഫലമാകുന്നു. പ്രാണമയകോശം നമ്മുടെ ശരീരത്തിലുള്ള ശ്വാസോച്ഛ്വാസശക്തികളാകുന്നു. മനോമയകോശത്തിൽ മനസ്സും ജ്ഞാനേന്ദ്രിയങ്ങളും ഉൾപ്പെടുന്നു. വിജ്ഞാനമയത്തിൽ വിവേചനശക്തി മുതലായതും ആനന്ദമയത്തിൽ പ്രാപഞ്ചികവസ്തുക്കളെ കുറിച്ചുള്ള സുഖദുഃഖങ്ങളെ അനുഭവിക്കുന്ന അറിവുമാകു

ന്നു. ആഗമങ്ങളിൽ പ്രാകാരങ്ങൾക്കു കൊടുത്തിട്ടുള്ള പേരുകൾകൊണ്ടുതന്നെ അവ കോശങ്ങളെ മാത്രം കുറിക്കുന്നവയാണെന്നു കാണപ്പെടുന്നു. ആഗമകല്പദ്രുമത്തിൽ ഈ അഞ്ചു പ്രാകാരങ്ങളെ രാക്ഷസാസുര പൈശാച മാനുഷദേവഗർഭങ്ങൾ എന്നു വിളിക്കപ്പെട്ടിരിക്കുന്നു. രാക്ഷസന്മാർ മനുഷ്യസമ്പ്രദായത്തിൽ അധികം കായബലം ഉള്ളവരും ക്രൂരസ്വഭാവമുള്ളവരും ആകുന്നു. അതുകൊണ്ടു രാക്ഷസഗർഭം അന്നമയകോശത്തിനോടു സാദൃശ്യപ്പെടുത്താമെന്നു പറയപ്പെടുന്നു. അസു എന്ന വാക്കു പ്രാണൻ (ജീവശ്വാസം) എന്നർത്ഥമാകുന്നതുകൊണ്ട് അസുരഗർഭം പ്രാണമയകോശമാകുന്നു. പൈശാചങ്ങൾക്കു പ്രത്യക്ഷരൂപം ഇല്ലെന്നു പറയുന്നതുകൊണ്ടും മനുഷ്യരെ അവ ബാധിക്കുമ്പോൾ മനസ്സിനെയാണ് ഉപദ്രവിക്കുന്നതെന്നുള്ളതുകൊണ്ടും പൈശാചഗർഭം മനോമയകോശത്തോടു സദൃശീകരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യനെ മറ്റുള്ള ജീവികളിൽനിന്നു വ്യത്യസ്തപ്പെടുത്തിയിരിക്കുന്നതു, തിരിച്ചറിവനുള്ള ജ്ഞാനശക്തികൊണ്ടാകയാൽ, മാനുഷഗർഭം വിജ്ഞാനമയകോശമാകുന്നു. ഒടുവിലത്തേതു ദേവഗർഭമാകുന്നു. ദേവകൾ അമൃതു സേവിക്കമുതലായ ആനന്ദങ്ങളായ എല്ലാം സുഖങ്ങളും അനുഭവിക്കുന്നവരാണെന്നു പറയപ്പെടുന്നതുകൊണ്ട് ഈ ആനന്ദമയകോശത്തെ കുറിക്കുന്നു. ഈ ഗർഭത്തിന്റെ നടുവിലാണ് ഈശ്വരന്റെ സൂക്ഷ്മാംശത്തെ കുറിക്കുന്ന—ആത്മാവിനെ കാണിക്കുന്ന—വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്.

മൂന്നു പ്രാകാരങ്ങളുള്ള ക്ഷേത്രങ്ങൾ വേറെ ഒരു വിധത്തിൽ ഇതിനെത്തന്നെയാണ് കുറിക്കുന്നത്. ഈ പ്രാകാരങ്ങൾ സ്ഥൂലസൂക്ഷ്മകാരണശരീരങ്ങളാകുന്നു.

സ്ഥൂലം അന്നമയകോശംകൊണ്ടും, സൂക്ഷ്മം പ്രാണമയ മനോമയകോശങ്ങളെക്കൊണ്ടും, കാരണം ശരീരവിജ്ഞാനമയആനന്ദമയകോശങ്ങളെക്കൊണ്ടും ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഒരു പ്രാകാരം മാത്രമായുള്ള ക്ഷേത്രം ഇവ എല്ലാററിനേയും കുറിക്കുന്നതാണെന്നും പറയപ്പെട്ടിരിക്കുന്നു.

ഇനി വിഗ്രഹത്തിൻെറ മുമ്പിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ധ്വജസ്തംഭമാകുന്നു. ഈ സ്തംഭം തൂണാകൃതിയായ നട്ടെല്ലിനേയും അതിൻെറ ഉള്ളിലുള്ള പൃഷ്ഠാസ്ഥിസൂത്രത്തിനേയും കുറിക്കുന്നു. യോഗശാസ്ത്രമായ ഗൂഢവിദ്യയിൽ ഇത് ഏററവും പ്രധാനമായ അവയവങ്ങളിൽ ഒന്നാകുന്നു. ശരീരത്തിൻെറ പ്രവൃത്തികളിലും അങ്ങിനെതന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ വിചാരങ്ങളെ ആന്തരസുഖവഴി കൊണ്ടുപോകുന്ന പൃഷ്ഠാസ്ഥിസൂത്രം ഇതിലാണ് സ്ഥിതിചെയ്യുന്നത്.

സ്ഥൂലവിഗ്രഹം സ്ഥാപിച്ചിട്ടുള്ള ഗർഭഗൃഹം ആത്മാവിൻെറ ഇരിപ്പിടമാകുന്നു. ഗർഭഗൃഹത്തിൻെറ ബഹിർഭാഗത്തുള്ള നാനാദേവതകളും പൃഷ്ഠാസ്ഥിയിലെ നാനാചക്രസ്ഥാനങ്ങളിലും ദേഹത്തിലെ മററു ഭാഗങ്ങളിൽ ഇരിക്കുന്നവയുമായ ആരാധനസ്സുപയോഗിക്കാൻ പറഞ്ഞിട്ടുള്ള നാനാദേവതകളേയും ലക്ഷീകരിക്കുന്നു. ബ്രഹ്മാണ്ഡരൂപത്തിൽ നോക്കുമ്പോൾ പരമേശ്വരൻെറ കീഴിൽ പ്രപഞ്ചത്തെ ഭരിക്കുന്ന നാനാദേവതകളാകുന്നു.

ഈശ്വരനായി ചെയ്യുന്ന വിവിധഉപചാരങ്ങൾ ഒരു ബദ്ധാത്മാവു ചെയ്യേണ്ട ചര്യകളും, ബന്ധത്തിൽനിന്ന് ആത്മാവിനെ വേർപെടുത്തുമ്പോൾ അയാൾ അനുഭവിക്കുന്ന അനുഭവങ്ങളുമാകുന്നു. ഇവയിൽ പ്രധാ

നങ്ങളായ ധൂപദീപനൈവേദ്യനീരാഞ്ജനങ്ങളെ എടുത്തുനോക്കാം.

ധൂപം അഥവാ സുഗന്ധദ്രവ്യങ്ങളെ പുകയ്ക്കുന്നതു "കുണ്ഡലിനി" എന്നു പറയുന്ന ഗൂഢശക്തിയെ ഉണത്തുന്നതിനെ ലക്ഷീകരിക്കുന്നു. ഈ ശക്തി നമ്മളിൽ എല്ലാവരിലും ലീനമായി കിടക്കുന്ന ഒന്നാകുന്നു. പൃഷ്ഠാസ്ഥിസ്സൂത്രത്തിൻെറ ചുവട്ടിൽ അതു സ്ഥിതിചെയ്യുന്നു. ഗുഹകളിൽ ഇരിക്കുന്ന കാട്ടുമൃഗങ്ങളേയോ, അളയിൽ ഇരിക്കുന്ന പാമ്പുകളേയോ, പുകകൊണ്ടുണത്തുന്നതുപോലെ കുംഭകപ്രാണായാമംകൊണ്ട് ഈ ശക്തി ഉണത്തപ്പെടുന്നു. ഈ ശക്തിയെ ഉണത്തി വിവിധനാഡീചക്രങ്ങളിൽ ക്കൂടി കൊണ്ടുപോകുമ്പോൾ യോഗി ഇടിമിന്നൽപോലെയുള്ള പലതരത്തിലുള്ള വെളിച്ചങ്ങൾ കാണുകയും മാധുര്യമേറിയ സംഗീതദ്ധ്വനികൾ കേൾക്കുകയും ചെയ്യുന്നു. ദീപങ്ങളെക്കൊണ്ടും, വാദ്യഘോഷങ്ങളെക്കൊണ്ടും ഇവയെ ബാഹ്യത്തിൽ ലക്ഷീകരിക്കുന്നു.

ദീപം കൊളുത്തുന്നതിനെക്കൊണ്ടു വേറെ ഒന്നിനേയുംകൂടി ലക്ഷീകരിക്കുന്നുണ്ട്. മനസ്സാകുന്ന പാത്രത്തിൽ വിവേചനാശക്തിയായ ഘൃതം നിറച്ചു ജീവനായ തിരിയാൽ പ്രാണവായുവിനെ ലക്ഷീകരിക്കുന്നു. എന്നിട്ട് അതിനെ ആത്മജ്ഞാനമായ അഗ്നികൊണ്ടു കൊളുത്തി അജ്ഞാനമാകുന്ന അന്ധകാരത്തെ നശിപ്പിക്കുകയും, പൂൎണ്ണജ്ഞാനജ്യോതിസ്സിനെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

നിവേദ്യം—ഈശ്വരന്നിഷ്ടമുള്ള സാധനത്തെ നിവേദിക്കുന്നതും, അദ്ദേഹത്തിന്നു നമ്മുടെ ആത്മാവിനെപ്പോലെ ഏററവും പ്രിയമായിട്ടു വേറെ ഒന്നും ഇല്ലാത്തതിനാൽ അദ്ദേഹത്തിൻെറ പാദാരവിന്ദങ്ങളിൽ അതി

നെ അർപ്പിക്കുന്നതുമാകുന്നു. അതുകൊണ്ടു നിവേദ്യം ആത്മാവിന്റെ സായൂജ്യാവസ്ഥയെ ലക്ഷീകരിക്കുന്നു.

കർപ്പൂരാർത്തിയായ നീരാഞ്ജനംകൊണ്ടു പിന്നീടു മുക്ത്യവസ്ഥയെ വളരെ ഭംഗിയോടെ ലക്ഷീകരിക്കുന്നു. അതിന്നു തിരഞ്ഞെടുത്ത കർപ്പൂരത്തിന്റെ ധാവള്യം ശരീരത്തിൽ ബദ്ധനായിരിക്കുന്ന ആത്മാവിന്റെ ശുദ്ധീകരിക്കപ്പെട്ട അവസ്ഥയെ കുറിക്കുന്നു. ബ്രഹ്മജ്ഞാനാഗ്നി അതിന്റെ സമീപം കൊണ്ടുവരുമ്പോൾ (മനുഷ്യനു ബ്രഹ്മജ്ഞാനം ഉപദേശിക്കപ്പെടുമ്പോൾ)ബ്രഹ്മചൈതന്യം നല്ലപോലെ പ്രകാശിക്കുമ്പോൾ പ്രകാശിക്കുകയും അതിന്റെ പൃഥൿഅവസ്ഥ നശിച്ചു ബ്രഹ്മത്തിൽ ലയിക്കുകയും ചെയ്യുന്നു.

പലമാതിരിയിലുള്ള ഉത്സവങ്ങൾ ആഘോഷിക്കുന്നതിൽ ബ്രഹ്മോത്സവത്തേയും അതിനെ തുടർന്നുള്ള രഥോത്സവത്തേയും കുറിച്ചു പ്രസ്താവിക്കാം. ബ്രഹ്മോത്സവം ജ്ഞാനപ്രാപ്തിക്കുള്ള പ്രാരംഭമായ വേദത്തിലെ കർമ്മയജ്ഞം അതിന്റെ ചടങ്ങുകളോടുകൂടിയായിട്ടുള്ളതാകുന്നു. രഥോത്സവത്തിന്നു പ്രത്യേകം ഒരുദ്ദേശമുണ്ട്. രഥാരൂഢനായ ദേവന്റെ ദർശനംകൊണ്ടുണ്ടാകുന്ന വിശിഷ്ടഫലത്തെ കുറിക്കുന്ന ഒരു ശ്ലോകം ഉണ്ട്.

“രഥസ്ഥം കേശവം ദൃഷ്ട്വാ
പുനർജ്ജന്മ ന വിദ്യതേ.”

ഉപനിഷത്തിൽ വിവരിച്ചിരിക്കുന്നതു രഥം നമ്മുടെ ശരീരം എന്നാകുന്നു. നമ്മളിൽ ഈശ്വരനെ കാണുമ്പോൾ നമ്മൾ ജനനമരണങ്ങളിൽനിന്നു വിമുക്തരാകുന്നു. രഥോത്സവം ആത്മസാക്ഷാൽക്കാരത്തിന്റെ ആവശ്യകതയെ നമ്മളിൽ പ്രബലീകരിക്കുന്നതിന്നുള്ള ഒരു ഉത്സവമാകുന്നു.

ഇപ്രകാരം നമ്മുടെ മതത്തിലുള്ള എല്ലാ പ്രവൃത്തികളുടേയും സൂക്ഷ്മതയെ ആരാഞ്ഞുനോക്കുന്നതായാൽ, പ്രത്യേകിച്ചും ക്ഷേത്രനിൎമ്മാണത്തിന്റേയും, അതിലെ വിവിധാനുഷ്ഠാനങ്ങളുടേയും ഉത്സവങ്ങളുടേയും നമ്മുടെ മതത്തിന്റെ നാനാമുഖങ്ങളായ ഉദ്ദേശം ഇങ്ങിനെ അതു പ്രത്യക്ഷപ്പെടുത്തും. സാമൂഹികമായും മററുമുള്ള കാൎയ്യങ്ങളെ ക്ഷേത്രമുഖേന തീരുമാനിക്കാമെന്നുള്ളത് ഇതിൽനിന്നും ഊഹിക്കുകയും ചെയ്യാമല്ലോ.

### വിഗ്രഹധ്വംസകന്മാർ

തങ്ങൾ ജനിച്ചു വളൎന്നുവന്ന ജാതിയേയും, ഹിന്ദുസമുദായത്തേയും, സ്നേഹിക്കുന്ന എല്ലാ ഹിന്ദുവിനും, തങ്ങളുടെ ജീവിതത്തിൽനിന്നും വേർപെടുത്താൻ പാടില്ലാത്തതായ സംഗതികൾ മതവും ആരാധനയുമായ മുഖ്യസാധനങ്ങളാകുന്നു. ഹിന്ദുക്കൾ എല്ലാവരും ഈശ്വരാരാധന ചെയ്യുന്നതു പ്രതിമമുഖേനയും, ആ പ്രതിമാരാധന ചെയ്യുന്നത് ആ ക്ഷേത്രത്തിൽ വെച്ചും ആകുന്നു. പാശ്ചാത്യരീതിയെ അനുകരിച്ചുപോരുന്ന മതരഹിതരായ ഉൽപതിഷ്ണുക്കൾക്ക് ഈ ക്ഷേത്രങ്ങളുടേയും വിഗ്രഹാരാധനയുടേയും വൈശിഷ്ട്യം ഒരു നയനോപദ്രവമായിത്തീൎന്നിരിക്കുന്നുവെന്നുതന്നെ പറയാം. ഈ കൂട്ടർ ജാതിയിലെ ഒരു പ്രത്യേകപിരിവുകാരുടെ സാമൂഹ്യസ്ഥിതിയെ ഉയൎത്തിക്കൊണ്ടുവരാനെന്നുള്ള നാട്യത്തിൽ ക്ഷേത്രപ്രവേശനബില്ലുകൊണ്ടു ക്ഷേത്രത്തിലെ വിഗ്രഹാരാധനയെ മലിനപ്പെടുത്തുന്നതിന്നു ശ്രമിച്ചു. ക്ഷേത്രപ്രവേശനവാദം വിഗ്രഹാരാധനയെ എങ്ങിനെ മലിനപ്പെടുത്താമെന്നുള്ളതിനെ വളരെ വിദ്വാന്മാർ വിചിന്തനം ചെയ്തുപോയിട്ടുള്ളതിനാൽ ഞാൻ ഇവിടെ പ്രതിപാദിക്കുവാൻ വിചാരിക്കുന്നില്ല. ഹിന്ദുക്ഷേത്രങ്ങ

ളേയും അവയിലെ വിഗ്രഹങ്ങളേയും ധ്വംസനം ചെയ്ത 'മുഹമ്മദുഗസനി'യുടെ നേരെ ഹിന്തുക്കൾക്കുള്ള വെറുപ്പ മതത്തിൻേറയും അതിനോടനുബന്ധിച്ചിട്ടുള്ള വിഗ്രഹാരാധനയുടേയും നേരേയുള്ള പ്രതിപത്തികൊണ്ടാകുന്നു. മുഹമ്മദുഗസനി ഇസ്ലാംമതത്തിനെക്കുറിച്ച പ്രതിപത്തിയുള്ള ഒരാളും വിഗ്രഹാരാധന ചെയ്തിരുന്ന ഹിന്തുക്കൾ അവിശ്വാസികളുമാണെന്നു വിചാരിച്ചിരുന്ന ദേഹവുമായിരുന്നു. അതുകൊണ്ടു തൻെറ ഇസ്ലാംമതം പരത്തുന്നതിനുവേണ്ടി അഗ്നിയും വാളും ഉപയോഗിക്കുകയും ചെയ്തു. ഈ ദ്രോഹയുദ്ധങ്ങൾ എല്ലാം ഹിന്തുക്കൾ ഏററവും വെറുപ്പോടുകൂടെ ഗണിക്കുകയും ചെയ്യുന്നു. മുഹമ്മദുഗസനിയെ ചരിത്രത്തിൽ 'വിഗ്രഹധ്വംസി' എന്നു വിളിക്കുകയും ചെയ്തിരിക്കുന്നു.

പക്ഷെ മുഹമ്മദ് ഒരു മുസൽമാനും വിദേശിയനും ഹിന്തുമതത്തെപ്പററി ഒന്നും അറിവില്ലാത്തവനും ആയിരുന്നതിനാൽ അയാളുടെ ഈ പ്രവൃത്തി ക്ഷന്തവ്യമാണ്. മങ്കട, വള്ളുവനാട് ഈ ദിക്കുകളിൽ ചെയ്തിട്ടുള്ള അക്രമങ്ങൾ ചില പരിഷ്കൃതന്മാരാലാണെന്നു മാതൃഭൂമിയിൽ പ്രസ്താവിച്ചുകാണുന്നു. ക്ഷേത്രപ്രവേശനസമരത്തിൻെറ തിരക്കിലും ഹിന്തുമതത്തേയോ അതിലെ ആരാധനക്രമത്തേയോ പററി യാതൊരറിവും ഇല്ലാത്ത ആളുകൾ തുടങ്ങിയ ഈ ക്ഷോഭം മേൽപറഞ്ഞ പരിഷ്കാരികളാൽ ചെയ്യപ്പെട്ടതായി തോന്നിപ്പോകുന്നു. അതുകൊണ്ടു തങ്ങൾ ജനിച്ചുവളൎന്ന രാജ്യത്തേയും, ആചരിച്ചുപോരുന്ന കാലപരീക്ഷണത്തിൽനിന്നു പോന്നിരിക്കുന്ന മതത്തേയും, തങ്ങളുടെ കൂട്ടത്തിൽതന്നെയുള്ള വിഗ്രഹധ്വംസികളുടെ പ്രേരണയിൽ പെട്ടുപോകാതിരിക്കുന്നതിന്നു കരുതി നില്ക്കേണ്ടതാകുന്നു.

പള്ളിയിൽ ഗോവിന്ദമേനോൻ.

# * പാലിററ്സൌധം

‘ആഭ’ എന്ന പേരിട്ടതുതന്നെ അവളുടെ ഭാഗ്യമാണ്. അവളുടെ അച്ഛൻ ദീനനാഥന്ന് ഏഴു പെൺകുട്ടികളുണ്ടാകാനുള്ള ദുര്യോഗമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്ന് ആണായി ആരോഗ്യം കേവലമില്ലാത്ത ഒരു കുട്ടി മാത്രമേ ഉണ്ടായിരുന്നുള്ളു. അവന്ന് എപ്പോഴും സുഖക്കേടുണ്ടായിരുന്നതുകൊണ്ടു കുടുംബക്കാരുടെ ശ്രദ്ധയെല്ലാം അവനോടായിരുന്നു. മൂത്ത രണ്ടു പെൺകുട്ടികളേയും കല്യാണംകഴിച്ചുകൊടുത്തിരുന്നുവെങ്കിലും അവർ അധികകാലവും ഇവിടെത്തന്നെയായിരുന്നു താമസം. ദീനനാഥൻ ദരിദ്രനായിരുന്നതുകൊണ്ടും മററു ചിലരെപ്പോലെ പെൺകുട്ടികൾക്കുവേണ്ടി ചിലവു ചെയ്യാൻ സാധിക്കാതിരുന്നതുകൊണ്ടും മക്കൾക്കു യോഗ്യന്മാരായ വരന്മാരെ കിട്ടുവാൻ സാധിച്ചില്ല.

ആദ്യം നാലു പെൺകുട്ടികളാണുണ്ടായത്. പിന്നത്തേതാണ് എത്രയും കൊതിച്ചിരുന്ന മകൻ. പിന്നെ ഉണ്ടായതു മൂന്നു പുത്രിമാരായിരുന്നു. ഒടുക്കത്തെ പുത്രിജനനത്തിന്നു മുമ്പ് എല്ലാവരും അതൊരു പുത്രനായിരിക്കുമെന്ന് ആശിച്ചിരുന്നു. അവരുടെ അച്ഛൻപെങ്ങൾ സൂതികാഗൃഹത്തിന്റെ വാതില്ക്കൽ ഒരു ശംഖും കയ്യിൽ പിടിച്ചുകൊണ്ടു പ്രസവം കാത്തുകൊണ്ടിരുന്നിരുന്നു. കുട്ടിയുടെ കരച്ചിൽ കേട്ട് “എന്തുകുട്ടിയാണെ”ന്നവൾ ചോദിച്ചപ്പോൾ വയററാട്ടി ഇങ്ങിനെ പറഞ്ഞു.

“അല്ല, ഈ പെൺകുട്ടികൾക്കു നിങ്ങളുടെ വീട്ടിലേക്കു വരുവാൻ വഴി നല്ല നിശ്ചയമുണ്ട്; കേട്ടോ.”

---

* ശ്രീമതി സീതാദേവി മോഡേൺറിവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയ കഥയുടെ ഏകദേശതർജ്ജമ.

അച്ഛൻപെങ്ങൾ ഇതു കേട്ടപ്പോൾ ദേഷ്യത്തോടെ ശംഖ് താഴത്തെറിഞ്ഞ് അവിടെനിന്നു പോയി. കുട്ടിയുടെ അമ്മ കരയുന്നതു കണ്ടപ്പോൾ വയററാട്ടി ഇങ്ങിനെ പറഞ്ഞു:—"കരഞ്ഞിട്ടു ഫലമെന്താണമ്മേ! വിധിപോലെയല്ലേ കാര്യങ്ങൾ കലാശിക്കു. എന്നാലും ഈ കുട്ടിക്ക് എന്തൊരു ഭംഗി. നോക്കു, നിങ്ങളുടെ ബാക്കിയുള്ള കുട്ടികളെപ്പോലെയല്ല."

"ഒരു പുത്രി, അമ്മയച്ഛന്മാരുടെ കഴുത്തിൽ കെട്ടിത്തൂക്കിയ ഒരു കല്ലാണ്. സൌന്ദര്യമൊന്നും കണക്കല്ല" എന്നു വിരാജമോഹിനി പറഞ്ഞു.

അച്ഛനും, പെങ്ങൾക്കും കുട്ടിക്കു ചീത്തയായ ഒരു പേരിടണമെന്നുണ്ടായിരുന്നു എങ്കിലും അവൾക്ക് ഒടുവിൽ 'ആഭാമയി'—ശോഭയുള്ളവൾ—എന്ന പേരിട്ടു. അവളുടെ മൂത്ത ജ്യേഷ്ഠത്തിയായ വിനോദിനിയാണ് ഈ പേർ പറഞ്ഞത്. "ഞങ്ങളുടെ കുടുംബത്തിലെ കറുത്തിരുണ്ട മുഖങ്ങളുടെയിടയിൽ ഇവളൊരുത്തിമാത്രമെ സുന്ദരിയായിട്ടുള്ളു അവൾക്കു ചീത്തപ്പേരൊന്നും ഇടരുത്. അവളെ 'ആഭ' എന്നു വിളിക്കാം" എന്ന് അവൾ പറഞ്ഞു.

അവളുടെ അനുജത്തി പ്രമോദിനി അപ്പോൾ ഇങ്ങിനെ പറഞ്ഞു. "ഇവൾക്ക് ഇത്ര നല്ല നിറം എങ്ങിനെയാണ് കിട്ടിയത്? അച്ഛൻ കറുത്തിട്ടാണ്. അമ്മയും ഒട്ടും ഭേദമില്ല. ഇവൾ നമ്മുടെ മുത്തശ്ശിയുടെ മാതിരിയാണ്. അവർ ഒരു സുന്ദരിയായിരുന്നു എന്നാണ് കേൾവി."

കാർമേഘത്തിനുള്ളിൽ ഒരു മിന്നൽപ്പിണർപോലെ ആ വിരൂപികളുടെ ഇടയിൽ സുന്ദരിയായ 'ആഭ' ശോഭിച്ചു. അവരുടെ ഭവനം നാട്ടുപുറത്തുള്ള ഒരു ചെറിയ പട്ടണത്തിലായിരുന്നു. അവർ വളരെ ദരിദ്രരു

മായിരുന്നു. നാട്ടുപുറനിവാസികൾക്കു ദാരിദ്ര്യമുണ്ടെങ്കിലും അവർ അത് അത്ര ഗണിക്കാറില്ല. കാററും വെളിച്ചവും പോലെ പല സാധനങ്ങളും അവൎക്കു വില കൊടുക്കാതെതന്നെ കിട്ടും. പട്ടണത്തിലാകട്ടെ വീട്ടുവാടക കൊടുക്കണം. കായ്കറി മുഴുവൻ വിലയ്ക്കുതന്നെ വാങ്ങണം. ഘോഷാചാരം പട്ടണത്തിൽ നിർബ്ബന്ധമായി ആചരിക്കേണ്ടിവരുമെങ്കിലും നാട്ടുപുറത്തുള്ള സ്ത്രീകൾക്കു സ്വാതന്ത്ര്യത്തോടുകൂടി പുറത്തിറങ്ങി സഞ്ചരിക്കുന്നതിന്നു വിരോധമില്ല. ദാരിദ്ര്യം ഉണ്ടെങ്കിലുംകൂടി പട്ടണത്തിൽ സ്ത്രീകൾക്കു പുറത്തുപോകാൻ നിർവ്വാഹമില്ല.

ആഭയെ പോററിവന്നത് അവളുടെ ജ്യേഷ്ഠത്തി വിനോദിനിയായിരുന്നു. അവൾ ഭർത്താവിന്റെ വീട്ടിൽ അധികം താമസിച്ചില്ല. അയാൾ വിദ്യാവിഹീനനും ദുഷ്ടനുമായിരുന്നതുകൊണ്ടു ദിനനാഥനുമായി ശണ്ഠകൂടി. അദ്ദേഹം കൊടുക്കാമെന്നു പറഞ്ഞ പണം കൊടുക്കാത്തതിനാലാണ് അങ്ങിനെ ചെയ്തത്. അയാൾ വിനോദിനിയെ അവളുടെ വീട്ടിലേക്ക് അയച്ചു വേറെ വിവാഹം ചെയ്തു.

ഭൃത്യന്മാരെ നിർത്തുവാൻ പണമില്ലാതിരുന്നതുകൊണ്ടു വീട്ടുജോലികളെല്ലാം സ്ത്രീകൾതന്നെയാണ് ചെയ്തിരുന്നത്. വിനോദിനി തനിക്ക് ഒരു ജോലി വേണമെന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പോളാണ് 'ആഭ'യെ പ്രസവിച്ചത്. ആഭയുടെ അമ്മ സൂതികാഗൃഹത്തിൽനിന്നു പുറത്തേക്കു വരുന്നതുവരെ മാത്രമെ അവളെ നോക്കിയുള്ളു. പുറത്തു വന്നപ്പോൾ ആഭയെ നിലത്ത് ഒരു പഴന്തുണി വിരിച്ച് അതിൽ കിടത്തി. അവളെപ്പററി അന്വേഷിക്കാതെതന്നെ കഴിച്ചുകൂട്ടി. അവൎക്കു വീട്ടുജോലി ചെയ്യാനുണ്ടായിരുന്നു. അതാണ് വിനോദിനി അ

വളെ ദത്തെടുത്തത്. അവർ പരസ്പരം വളരെ സ്നേഹിച്ചിരുന്നു.

വിനോദിനിക്കു കുട്ടികളില്ലായിരുന്നു. അതുകൊണ്ട് അവൾക്കു ശിശുസംരക്ഷണത്തിൽ യാതൊരു പരിചയവുമുണ്ടായിരുന്നില്ല. എങ്കിലും അവൾക്ക് ആഭയോട് അതിയായ സ്നേഹമുണ്ടായിരുന്നു. കുട്ടിയുടെ ദേഹവും ഉടുപ്പും എപ്പോഴും വളരെ വൃത്തിയായി വെച്ചിരുന്നു. അവളുടെ ചുരുണ്ട തലമുടി ഒരിക്കലും ഒതുക്കിവെക്കാതെയിരിക്കുക പതിവില്ലായിരുന്നു. എങ്കിലും ചിലപ്പോൾ അവൾക്ക് ആഹാരംകൊടുക്കാൻ വിനോദിനി മറക്കും. വിനോദിനി ഉറങ്ങുന്നതുവരെ ആഭയെ അവളുടെ അടുക്കൽതന്നെയാണ് കിടത്തുക. ചിലപ്പോൾ അമ്മയ്ക്കു കുട്ടിയുടെ പേരിൽ ദയതോന്നി അവളെ തന്റെ അടുക്കൽതന്നെ കിടത്തുവാൻ പറയും. ആഭ ഒരു സാധു കുടുംബത്തിലെ ഏഴു മക്കളിൽ ഒടുവിലത്തവളായിരുന്നതുകൊണ്ടു വിശേഷിച്ചു യാതൊരു ആഭരണവും അവൾക്കുണ്ടായിരുന്നില്ല. പക്ഷേ വിനോദിനി ഇക്കാര്യത്തിലും അവളെ സഹായിച്ചു. വിനോദിനിയുടെ ഭർത്താവു മരിച്ചിരുന്നില്ലെങ്കിലും തനിക്ക് ഒരു വിധവയുടെ നിലയാണുണ്ടായിരുന്നത്. അതുകൊണ്ട് അവൾ ആഡംബരങ്ങളെല്ലാം വേണ്ടെന്നുവെച്ചു. അവളുടെ പട്ടുസാരികൾ വെട്ടി ആഭയ്ക്കു കുപ്പായങ്ങളും ഉടുപ്പും ഉണ്ടാക്കി. അവളുടെ സ്വർണ്ണവളകൾ ഉരുക്കി കുട്ടിക്കു ചെറിയ വളകളും കഴുത്തിലേക്ക് ഒരു ചങ്ങലയുമുണ്ടാക്കി. അവളുടെ അമ്മ അവളെ വളരെ ശകാരിച്ചു. അവളുടെ അച്ഛൻപെങ്ങളാണ് ഇതിനെപ്പറ്റി ലഹള കൂട്ടിയത്. "നിന്റെ വള എന്തിനാണ് ഉരുക്കി ഇങ്ങിനെയാക്കിയത്? നിനക്ക് അതൊന്നേയുണ്ടായിരുന്നുള്ളു. നിന്റെ

അച്ഛൻ മരിച്ചാൽ നിനക്കെന്താണൊരു ഗതി? നിന്റെ ഈ അനുജത്തി നിന്നെ രക്ഷിക്കുമൊ? ആ കുട്ടിയെ എന്തൊരു വേഷമാണ് കെട്ടിച്ചിരിക്കുന്നത്? മഠാമ്മയല്ലെ?" എന്നവർ പറഞ്ഞു.

പക്ഷെ ആഭ ഈ അഭിപ്രായങ്ങളെ കുന്നിക്കുപോലും കൂസാതെ തന്റെ ഉടുപ്പ് എല്ലാവൎക്കും കാണിച്ചുകൊണ്ടു വീട്ടിൽ ഓടിക്കളിച്ചിരുന്നു. അച്ഛൻപെങ്ങളുടെ ദേഷ്യം അവളെ വളരെ ഭ്രമിപ്പിച്ചു. ഇതു കണ്ടു വിനോദിനി അവളെ എടുത്ത് അവിടെനിന്നു പോയി. താൻ പ്രസവിച്ചിട്ടില്ലെങ്കിലും ആഭയെ താനാണ് പ്രസവിച്ചതെന്നൊരു നിലയാണവൾക്കുണ്ടായിരുന്നത്.

വിനോദിനി അവിടത്തെ പെൺപള്ളിക്കൂടത്തിൽ ചെന്നു തുന്നപ്പണി പഠിക്കുവാൻ തുടങ്ങി. ആഭയുടെ ഉടുപ്പുകൾ, താൻതന്നെയുണ്ടാക്കണമെന്നു കരുതിയാണ് ഇങ്ങിനെ ചെയ്തത്. ഇക്കാരണത്താൽ വീട്ടുജോലിയിൽ കുറേ ശ്രദ്ധ കുറയ്ക്കേണ്ടതായും ശകാരം കേൾക്കേണ്ടതായും വന്നു. പക്ഷെ അതൊന്നും അവൾ കൂട്ടാക്കിയില്ല. അവൾ പാഠശാലയിലേക്കു പോകുമ്പോൾ ആഭയേയും കൂട്ടിക്കൊണ്ടു പോയിരുന്നു. അവളെ വീട്ടിൽ നിൎത്തിട്ടു പോയാൽ ആരെങ്കിലും വല്ലതും പറയുമെന്നു വിചാരിച്ചാണ് ഇങ്ങിനെ ചെയ്തത്.

വിനോദിനിയുടെ ഉത്സാഹം കണ്ടപ്പോൾ ഉപാദ്ധ്യായിനിക്കു വളരെ സന്തോഷമായി. അവർ ഇങ്ങിനെ പറഞ്ഞു. "തുന്നപ്പണിമാത്രം പഠിച്ചാൽ മതിയൊ? അക്ഷരവിദ്യ അഭ്യസിച്ചുകൂടയൊ? പന്ത്രണ്ടുമണിമുതൽ മൂന്നുമണിവരെ വിവാഹിതകളായ സ്ത്രീകളെ പഠിപ്പിക്കാൻ ഞങ്ങൾ ഏൎപ്പാടുചെയ്യുന്നുണ്ട്. നിന്നെപ്പോലെ രണ്ടുമൂന്നു ശിഷ്യത്തികളെക്കൂടി കിട്ടിയാൽ അതു തുടങ്ങാമായിരുന്നു."

പക്ഷെ വിനോദിനിക്ക് അത്ര പത്ഥ്യമായിരുന്നില്ല. അവൾ പറഞ്ഞു. "ഇജ്ജന്മത്തിൽ ഇനി എനിക്കു വിദ്യയില്ല. നിങ്ങൾ ആഭയെ പഠിപ്പിക്കുമെങ്കിൽ നന്നായിരുന്നു. പക്ഷെ അവൾക്കു ശമ്പളം തരില്ല. ഞങ്ങൾക്ക് അതു സാധിക്കില്ല. അവൾ ഒരു ബുദ്ധിയുള്ള കുട്ടിയാണ്."

"നിനക്കും പഠിച്ചാലെന്താ? ആഭയേക്കാൾ വിദ്യാഭ്യാസം നിനക്കാണാവശ്യം. അവൾ ഒരു ശിശുവല്ലെ? നിനക്കു പരാശ്രയംകൂടാതെ കഴിഞ്ഞുകൂടാമല്ലൊ" എന്ന് അദ്ധ്യാപിക പിന്നെയും പറഞ്ഞു.

"നിങ്ങൾക്കു ഭ്രാന്തുണ്ടോ? ഇനി അക്ഷരമാല പഠിക്കേണ്ട കാലമല്ല എനിക്ക്" എന്ന് അവൾ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു.

ആഭയെ പള്ളിക്കൂടത്തിൽ ചേൎത്തിയില്ലെങ്കിലും അവൾ അവിടന്നും ഇവിടന്നും കുറെയെല്ലാം പഠിച്ചു. അവളുടെ സഹോദരൻ പാഠശാലയിൽ പോയിരുന്നു. പോരെങ്കിൽ വീട്ടിൽവെച്ചു പഠിപ്പിക്കുവാൻ ഒരു അദ്ധ്യാപകനേയും ഏല്പിച്ചിരുന്നു. ആഭയെ ആരും പഠിപ്പിച്ചില്ലെങ്കിലും അവൻെറ അരികിലിരുന്നു കുറേയെല്ലാം പഠിച്ചു. വിനോദിനി ചില പഴയ പുസ്തകവും കീറക്കടലാസ്സും അവൾക്കുണ്ടാക്കിക്കൊടുത്തു. അവളുടെ സഹോദരൻ അവളെ എഴുതുവാനും വായിക്കാനും പഠിപ്പിച്ചു. പക്ഷെ അധികവും അവൻെറ കയ്യിൽനിന്ന് അടിയാണ് അവൾക്കു കിട്ടിയിരുന്നത്. ഇങ്ങിനെയാണെങ്കിലും ആഭ എഴുതുവാനും വായിക്കാനും പഠിച്ചു.

അച്ഛൻപെങ്ങൾക്ക് ആഭയെ കണ്ടുകൂടാ. അവൾ ഒരു സുന്ദരിയായിരുന്നു. ഇതിനെപ്പററി എല്ലാവരും ആ കുടുംബത്തെ പരിഹസിച്ചിരുന്നു.

"ഇത്ര സൌന്ദൎയ്യമുള്ള ഒരു കുട്ടി നിങ്ങളുടെ കുടുംബത്തിൽ ജനിച്ചതെങ്ങിനെയാണ്? ഇതു നിങ്ങളുടെ കുട്ടിയോ വേറെ ആരുടെയെങ്കിലും കുട്ടിയൊ? കട്ടുകൊണ്ടുവന്നതൊ? എന്നു പലരും ചോദിച്ചിരുന്നു. ചിലർ "ആഭ രാക്ഷസസ്ത്രീകളുടെയിടയിൽ സീത എന്നപോലെയാണ്" എന്നു പറഞ്ഞു.

ഇതെല്ലാം അച്ഛൻപെങ്ങൾക്കു വല്ലാത്ത വല്ലായ്മയുണ്ടാക്കി. കൂട്ടത്തിൽ കറുപ്പ് അവൎക്കായിരുന്നതിനാൽ ഇതെല്ലാം അവൎക്കു കണക്കിൽകൊണ്ടിരുന്നു. വിനോദിനി ആഭയുടെ മുടികെട്ടുന്നതൊ അവളെ ഉടുപ്പുധരിപ്പിക്കുന്നതൊ അവർ കണ്ടാൽ പിന്നത്തെ കഥയൊന്നും പറയേണ്ട. "ഒക്കെ പഠിപ്പിച്ചൊ? ഇത് ഒരു ഹിന്തുക്കുട്ടിയാകുണൊ? ഇവളെ ഒരു ചിത്രംപോലെയാക്കുന്നതെന്തിനാണ്? ഇവൾ ഇനി നാടകം അഭിനയിക്കാൻ പോകുന്നുണ്ടോ? ഇവൾ യാതൊരു വീട്ടുപണിയും ചെയ്തിട്ടില്ല. അങ്ങിനെ ശീലിച്ചിട്ടുമില്ല. ഇവളെ കല്യാണം കഴിക്കുന്നവൻ ഒരു വാതിലിൽകൂടി ഇവളെ അകത്തേക്കു കയററിയാൽ മറെറാന്നിൽകൂടി പുറത്തേക്കും ഇറക്കും" എന്ന് അവർ പറഞ്ഞു.

ഈ ശകാരങ്ങൾ വിനോദിനിയെ അധൈൎയ്യപ്പെടുത്തിയില്ല. ആഭയെ അടുക്കളയിൽ പോകുവാൻ അവൾ സമ്മതിച്ചതേയില്ല. ദിവസത്തിൽ രണ്ടുപ്രാവശ്യം അവൾ ആഭയുടെ മുടി ഒതുക്കിക്കെട്ടിക്കും. ഭംഗിയിൽ ഉടുപ്പിട്ടുവിക്കുകയും ചെയ്യും. തന്മൂലം ആഭ പൂൎവ്വാധികം ശോഭിച്ചിരുന്നു. പക്ഷെ ആഭയ്ക്കു് അച്ഛൻപെങ്ങളുടെ ശകാരത്തെ ഭയമായിരുന്നു. ചിലപ്പോൾ "അവർ ശ

കാരിക്കും ചേച്ചി'' എന്നു പറയും. അപ്പോൾ വിനോദി നി പറയും.

"പറയട്ടെ. നിന്റെ യോഗം എന്തെന്നു ദൈവത്തിനുമാത്രമേ അറിയാവൂ. എന്റെ അധീനത്തിലിരിക്കുന്ന കാലം നിന്നെ സന്തോഷിപ്പിക്കേണമെന്നാണ് എന്റെ ആഗ്രഹം. ഞാൻ കുട്ടിയായിരിക്കുമ്പോഴും അവർ ഇങ്ങിനെതന്നെയാണ് ദ്രോഹിച്ചിരുന്നത്. നല്ല ഉടുപ്പോ വല്ല ആഭരണമൊ എനിക്കു പാടില്ല. അതൊക്കെയും വെറും ചിലവാണെന്ന് അവർ പറയും. എന്റെ വിവാഹാനന്തരം എന്താണ് സംഭവിച്ചതെന്നറിയില്ലെ? ഇപ്പോൾ ഞാൻ ഒരു റാണിയല്ലെ? നിനക്ക് എന്താണ് ഗതിയെന്നാക്കറിയാം. നാം ഒരേ മാതാപിതാക്കന്മാരുടെ മക്കളല്ലെ? ഞാൻമൂത്തവളായിട്ടുകൂടി അവർഎനിക്കു തിരഞ്ഞെടുത്തിയ വരന്റെ വത്തമാനം ഇതല്ലെ?''

'ആഭ' യാതൊന്നും പറഞ്ഞില്ല. തന്റെ ജ്യേഷ്ഠത്തിക്ക് ഇപ്പോഴും നല്ല ഉടുപ്പും ആഭരണങ്ങളും ധരിക്കുവാൻ ആഗ്രഹമുണ്ടെന്നു മനസ്സിലാക്കുവാൻതക്ക വയസ്സ് അവൾക്കായിരിക്കുന്നു. ഇതൊന്നും വിനോദിനിക്ക് ഇല്ലായിരുന്നു. ആഭയ്ക്കും ഈ ആഗ്രഹം വിനോദിനിയിൽനിന്നു പകന്നതാണ്.

ആഭ ദിവസംപ്രതി വളന്നുവന്നു. അവളുടെ രണ്ടു ജ്യേഷ്ഠത്തിമാക്ക് ഇനിയും കല്യാണം കഴിഞ്ഞിട്ടില്ല. നാലുകൊല്ലമായി അവളുടെ വയസ്സു പത്തുതന്നെയായിരുന്നു. അയൽപക്കക്കാർ ഇതു പറഞ്ഞു പരിഹസിക്കുന്നുണ്ടായിരുന്നു.

അവിടത്തെ വിദ്യാലയത്തിൽ വാഷികോത്സവവും സമ്മാനദാനവുമായിരുന്നു. പെൺകുട്ടികൾ അഭിനയിക്കുന്ന നാടകത്തിൽ ശകുന്തളയുടെ വേഷം ആഭതന്നെ

കെട്ടേണമെന്നു തീച്ചയാക്കി. ഇതറിഞ്ഞപ്പോൾ അച്ഛൻ പെങ്ങളുടെ കോപം ജ്വലിച്ചു. അവർ ഇങ്ങിനെ പറഞ്ഞു.

"ഇവൾ ശകുന്തളയുടെ വേഷമാണോ? ദൈവമേ! ഈ കണ്ണുകൊണ്ട് എന്തൊക്കെ കാണേണ്ടിവരും. ഇനി അവൾ നാടകത്തിൽ ചേൎന്ന് അഭിനയിക്കും. ആ കാലൻ എന്നെ കാണുന്നതുമില്ലല്ലൊ. ഇനി ഇരിക്കാതെ മരിച്ചാൽമതി."

വിനോദിനിക്കും ദേഷ്യംവന്നു. പിന്നെ പറഞ്ഞു. "ഈ നിസ്സാരസംഗതിയെപ്പററി എന്തിനാണ് നിങ്ങൾ ഇത്രയൊക്കെ ദേഷ്യപ്പെടുന്നത്? ഈ നാടകത്തിൽ വളരെ കുട്ടികൾ ചേൎന്നിട്ടുണ്ടല്ലൊ. അവരും മര്യാദക്കാരുടെ മക്കളല്ലെ? അടുപ്പിൻെറ അരികിൽ ഒരു കയ്യിലുംപിടിച്ച് ഇരുന്നാൽമാത്രമേ നിങ്ങൾക്കു സന്തോഷമാകൂ അല്ലെ? നിങ്ങളുടെ ബുദ്ധിക്കനുസരിച്ച ഒരു വിധിയാണ് ദൈവം നിങ്ങൾക്കു തന്നിരിക്കുന്നത്."

അച്ഛൻപെങ്ങൾ ഒരു നിൎഭാഗ്യവതിയായിരുന്നു. അവരുടെ ഭൎത്താവിൻെറ വീട്ടുകാർ അവരെ അംഗീകരിക്കാത്തതിനാലാണ് തൻെറ സഹോദരൻെറ അടുക്കളയിൽ അവർ ജീവിതം നയിക്കേണ്ടിവന്നത്. വിനോദിനിയുടെ വാക്ക് അവൎക്കു കുറിക്കുകൊണ്ടു. ഇവർ വാക്കേററത്തിൽനിന്നു കയ്യേററം തുടങ്ങുമെന്നു വിചാരിച്ച് അമ്മ വന്ന് അവരെ സമാധാനപ്പെടുത്തി പിരിച്ചുവിട്ടു. അച്ഛൻപെങ്ങൾ അടുക്കളയിലേക്കും വിനോദിനി തൻെറ മുറിയിലേക്കും പോയി. വിനോദിനി തൻെറ പെട്ടി തുറന്ന് ആഭയുടെ ഉടുപ്പും മററും പുറത്തെടുത്തു. അന്നുണ്ടായ ശണ്ഠയെപ്പററി ആലോചിച്ചു വിനോദിനിയുടെ അമ്മയ്ക്കു മനസ്സുഖമുണ്ടായില്ല. അവർ പറഞ്ഞു "ആ

എവിടേയും പോകേണ്ട ആവശ്യമില്ല. അവൾ പാഠശാലയിൽ ചേൎന്നിട്ടില്ലല്ലോ. ഇനി നാട്ടുകാർ ഇതിനെപ്പററി സംസാരിക്കാൻതുടങ്ങും."

"അമ്മയ്ക്കു യാതൊന്നും അറിഞ്ഞുകൂടാ. ഇത് എവിടെയാണ് അവസാനിക്കുക എന്നു നമുക്കു പറയുവാൻ സാധിക്കില്ല. അദ്ധ്യാപികമാൎക്ക് ആഭയെ സ്നേഹമുള്ളതുകൊണ്ടാണ് അവർ അവളെ പാട്ടും തുന്നലും പഠിപ്പിക്കുന്നത്. വിവാഹച്ചന്തയിൽ ഈ വകക്ക് വിലയും നിലയും കൂടും. ആരെങ്കിലും വിവാഹാലോചനയ്ക്കു വന്ന് ഇവൾക്ക് എന്തെല്ലാം അറിയാമെന്നു ചോദിച്ചാൽ നിങ്ങളെന്താണ് മറുപടി പറയുവാൻ പോകുന്നത്? അവൾക്കു പാത്രംമോറുവാനും അടുക്കള അടിച്ചുവാരുവാനും മാത്രം അറിയുമെന്നോ? എന്നാൽ നല്ലൊരു വരനെ കിട്ടുകയും ചെയ്യും! ചിലർ എന്തായാലും ഒന്നും ശബ്ദിക്കില്ല." എന്നു വിനോദിനി പറഞ്ഞു.

മകളുടെ പ്രസംഗം അമ്മയെ മിണ്ടാതാക്കി. ആഭ ഉടുപ്പു ധരിച്ച് അഭിനയിക്കാൻ വിനോദിനിയുടെകൂടെ പോയി. പ്രധാനാദ്ധ്യാപിക അവളെക്കണ്ടപ്പോൾ ഒന്നു പുഞ്ചിരിയിട്ട് ഇങ്ങിനെ പറഞ്ഞു. "ഞങ്ങളുടെ ഭാഗ്യംകൊണ്ടാണ് ആഭയെ കിട്ടിയത്. ശകുന്തളയുടെ ഭാഗം ആരെയാണ് ഏല്പിക്കേണ്ടതെന്നറിയാതെ ഞങ്ങൾ കുഴങ്ങുകയായിരുന്നു. ബാക്കിയുള്ള കുട്ടികൾക്കു പറയത്തക്ക സൌന്ദൎയ്യമില്ലാത്തതുകൊണ്ടു നാട്ടുകാർ ചിരിക്കുമായിരുന്നു." ഇതു കേട്ടപ്പോൾ ആഭയുടെ മുഖം പ്രസന്നമായി. ഒരു പ്രഭാപൂരം അവളുടെ മുഖത്തു കളിയാടിക്കൊണ്ടിരുന്നു. അപ്പോൾ വിനോദിനി പറഞ്ഞു.

"അവളെക്കൂടി ക്ലാസിൽ ചേൎത്തിയാലെന്താണ്? അപ്പോൾ അവൾക്ക് ഒരു ശിഷ്യത്തിയുടെ നിലയില്ലേ?

അവളെ വല്ലതും പഠിപ്പിച്ചാൽകൊള്ളാമെന്നുണ്ട്. ഞങ്ങൾക്ക് ഒരു കഥാപുസ്തകം വായിക്കുവാൻകൂടി സാധിക്കില്ല."

"ശമ്പളംകൂടാതെ ചില കുട്ടികളെ പഠിപ്പിക്കേണമെന്ന് ഒരു ആലോചനയുണ്ട്. അതു നടപ്പിലായാൽ ഇവളുടെ കാൎയ്യം നേരെയായി" എന്നു പ്രധാനാദ്ധ്യാപിക മറുപടി പറഞ്ഞു.

നാടകം കഴിഞ്ഞു. ശകുന്തളയുടെ വേഷം വളരെ കേമമായി. അവളുടെ സൌന്ദൎയ്യത്തെപ്പററി പ്രശംസിക്കാത്തവരുണ്ടായിരുന്നില്ല. ഒരാൾ അവൾക്ക് ഒരു വെള്ളിമുദ്ര സമ്മാനിച്ചു. ആഭ ഒരു ചക്രവൎത്തിനിയായാലത്തെപ്പോലെ വിനോദിനി സന്തോഷിച്ചു.

ഉടനെ ആഭയെ വിദ്യാലയത്തിൽ ചേൎത്തി. പക്ഷെ അവളെ എല്ലാവിഷയങ്ങളും പഠിക്കുവാൻ വിനോദിനി സമ്മതിച്ചില്ല. അധികം തലകാഞ്ഞാൽ അവളുടെ സൌന്ദൎയ്യത്തിന്നു ഭംഗംതട്ടുമെന്ന് അവൾ വിചാരിച്ചു. അവൾ പാട്ടും, തുന്നലും, ചിത്രമെഴുത്തും, ബങ്കാളിഭാഷയും മാത്രമെ പഠിച്ചുള്ളു. പള്ളിക്കൂടം അവരുടെ വീട്ടിന്റെ സമീപത്തായിരുന്നു. വിനോദിനിതന്നെ അവളെ പാഠശാലയിൽനിന്നു കൂട്ടികൊണ്ടുവന്നു. ആഭയെ സംബന്ധിച്ച കാൎയ്യങ്ങളിൽ വിനോദിനിയുടെ അഭിപ്രായം എല്ലാവരും സ്വീകരിക്കേണ്ടതായിവന്നു. അവളുടെ അമ്മയ്ക്കുകൂടി മറുത്തുപറയുവാൻ ധൈൎയ്യമുണ്ടായിരുന്നില്ല. അച്ഛൻപെങ്ങൾക്കു വയസ്സായതുകൊണ്ടു പണ്ടത്തെപ്പോലെ ഗൃഹഭരണത്തിൽ യാതൊരധികാരവുമുണ്ടായിരുന്നില്ല. ആ സ്ഥാനം ഇപ്പോൾ വിനോദിനിയാണ് കയ്യേററത്.

വിനോദിനിക്ക് ആഖ്യായിക വായിക്കേണമെന്നൊ

രു ആഗ്രഹം വളരെക്കാലമായി ഹൃദയത്തിൽ വേരൂന്നിയിരുന്നു. ആഭ വായിക്കാറായപ്പോൾ അവളെക്കൊണ്ട് അമ്മാതിരി പുസ്തകം വായിപ്പിക്കാനവസരം കിട്ടി. ബങ്കാളിഭാഷയിൽ പലമാതിരിയിലുള്ള അനേകം ആഖ്യായിക അന്നു കിട്ടുമായിരുന്നു. പുസ്തകങ്ങളുടെ പുറം കണ്ണിനേയും ഉള്ളു ഹൃദയത്തേയും കുളുർപ്പിച്ചു. ഇന്നത്തെ ആഖ്യായികാകർത്താക്കന്മാർ എത്ര നന്നായി എഴുതുന്നു! ഉച്ചസമയങ്ങളിൽ അയൽപക്കത്തുള്ള സ്ത്രീകൾ ഈവക പുസ്തകങ്ങൾ വായിക്കുന്നതു വിനോദിനി കേട്ടിട്ടുണ്ട്. ചില ഭാഗങ്ങൾ വായിക്കുമ്പോൾ അവൾക്കു വല്ലാത്ത ഒരു ഉന്മേഷം തോന്നിയിരുന്നു; എന്നല്ല നൈസർഗ്ഗികമായ ഒരു പാട്ടുകേൾക്കുന്നതായും ഈ ദുഃഖഭൂയിഷ്ഠമായ ഭൂമിയിൽനിന്നു തന്നെ സ്വർഗ്ഗത്തിലേക്കു മാററിയതായും തോന്നിയിരുന്നു. അതായിരുന്നു അവൾ എത്രയും ആഗ്രഹിച്ച ലോകം. അവിടെ ശണ്ഠയൊന്നും ഇല്ല, വൈരവുമില്ല.

എങ്കിലും അവൾ ഭൂമിയിലേക്കുതന്നെ ഇറങ്ങി. അവിടത്തെ ശബ്ദം അവളെ വിളിക്കുന്നുണ്ടായിരുന്നു. എന്തിന്? പണിയെടുക്കാൻ! അവൾ കണ്ണു മിഴിച്ചിരുന്നുകൊണ്ടുതന്നെ സ്വപ്നം കാണുകയും ചെയ്യും.

ആഭയ്ക്കു് ഒരുമാതിരി വായിക്കാറായി. വിനോദിനിക്കു് ഇനി ആഖ്യായിക വായിച്ചുകേൾക്കാൻ അന്യന്മാരുടെ വീട്ടിൽ പോകേണമെന്നില്ല. പുസ്തകം കടം വാങ്ങി മുറിയുടെ വാതിലടച്ച് ആഭയെക്കൊണ്ടു വായിപ്പിക്കാം. അവിടെ വേറെ ആരേയും കടത്തുകയില്ല. പക്ഷെ അവളുടെ അമ്മ ചിലപ്പോൾ വന്നുകൂടും. കുറെ നേരം വായന കേട്ടാൽ മടങ്ങുകയും ചെയ്യും. "ഇതാണൊ ആഖ്യായിക? ഇതെന്തൊരു പുസ്തകമാണ്? എ

ന്റെ ചെറുപ്പകാലത്തു ബാങ്കിം എഴുതിയ പുസ്തകം വായിച്ചുകേട്ടിട്ടുണ്ട്. അതൊന്നും ഇതുപോലെയല്ല" എന്ന് അവർ പറയുക പതിവായിരുന്നു. വിനോദിനി അമ്മയുടെ ഈ പഴയ അഭിപ്രായത്തെ തീരെ അനാദരിച്ച് വാതിൽ അടയ്ക്കുകയും ചെയ്യും.

പിന്നേയും കുറെ കൊല്ലം കഴിഞ്ഞു. ആഭ ഇപ്പോൾ സൌഭാഗ്യമുള്ള ഒരു യുവതിയായി. കുട്ടിപ്രായം വിട്ടു. എന്നല്ല കല്യാണം കഴിക്കേണ്ട കാലവും അടുത്തു. പക്ഷെ വിവാഹം കഴിയാത്ത ഒരു ജ്യേഷ്ഠത്തികൂടി ഇവൾക്കുണ്ടായിരുന്നു.

ആഭയെ കല്യാണംകഴിക്കാൻ ഒരാൾ വന്നുചേർന്നു. അയാൾക്കു കുറെ വയസ്സായിരുന്നു. പക്ഷെ ഒരു ധനികനാണ്. അമ്മയ്ക്കു് ഒരു വല്ലായ്മതോന്നി. വിനോദിനിക്കു ദേഷ്യം വന്നു. "അദ്ദേഹത്തിന്റെ വയസ്സിനെപ്പററി നമുക്കെന്താണ് ആലോചിക്കാനുള്ളത്? എനിക്കു നിങ്ങൾ ചെറുപ്പക്കാരനായ ഭർത്താവിനെയുണ്ടാക്കിത്തന്നില്ലെ? എന്നിട്ടെന്തായി? ആഭയെ ഇദ്ദേഹത്തിന്നു കൊടുത്താൽ അവൾ ഒരു റാണിയെപ്പോലെ കഴിഞ്ഞുകൂടും. അവൾക്കു നിലത്തു ചവിട്ടേണ്ടിവരില്ല; അതറിയുമൊ?"

"അതൊക്കെ ശരി. പക്ഷെ ഉമയെ കല്യാണംകഴിച്ചുകൊടുക്കുന്നതിന്നു മുമ്പ് ആഭയെ എങ്ങിനെയാണ് കൊടുക്കുക എന്നാണ് അച്ഛന്റെ സംശയം. ഉമ ഇവൾക്കു മീതെയല്ലെ?"

"എന്തൊരു വിഡ്ഢിത്തമാണീപറയുന്നത്? ഇങ്ങിനെ ആലോചിച്ചാൽ നിങ്ങളുടെ അവസരം കാത്തുകൊണ്ട് ഇദ്ദേഹം ഇരിക്കുമോ? ഇദ്ദേഹം വേറെ വിവാഹം കഴിക്കും. നമുക്കു കല്ക്കത്തയിൽചെന്ന് ആഭയുടെ വിവാ

ഹം സ്വകാൎയ്യമായി കഴിക്കാം. മടങ്ങിവന്നാൽ ആഭ യെ അവിടെ ഒരു പാഠശാലയിൽ ചേൎത്തിയെന്നു പറയുകയും ചെയ്യാം" എന്നു വിനോദിനി മറുപടി പറഞ്ഞു.

മാതാപിതാക്കന്മാർ ഇതു സമ്മതിച്ചു. അവർ കല്ക്കത്തയിൽചെന്ന് ആഭയുടെ വിവാഹം നടത്തി. വരന്ന് അവളേക്കാൾ ഇരുപതു വയസ്സു കൂടുതലുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പേർ അനന്തറോയി എന്നാണ്. വിവാഹത്തിന്നു വിശേഷവിധി ആഡംബരമൊന്നുമുണ്ടായിരുന്നില്ല. ആഭയുടെ രത്നംപതിച്ച ആഭരണങ്ങൾ കണ്ടപ്പോൾ വിനോദിനിയുടെ ഹൃദയം വികസിച്ചു. ആഭ ഭൎത്താവിൻെറകൂടെ പോകുവാൻ പുറപ്പെട്ടപ്പോൾ വിനോദിനി അവളെ കെട്ടിപ്പിടിച്ചു കണ്ണീരോടുകൂടി ഇങ്ങിനെ പറഞ്ഞു. "നിന്നെ ഇതുവരെ ഞാൻ പോററിവന്നു. ഞാൻ എത്രത്തോളം നിൎഭാഗ്യയായിരുന്നുവൊ അത്രത്തോളം നീ ഭാഗ്യവതിയായിരിക്കട്ടെ. നിനക്കുവേണ്ടി കഷ്ടപ്പെട്ടതിന്നു ദൈവം തക്കതായ കൂലി എനിക്കു തന്നിരിക്കുന്നു."

ആഭ ഭൎത്താവിൻെറ വീട്ടിലേക്കു പോയി. അവിടെ അവളെ ഉപദ്രവിക്കുവാൻ യാതൊരു ബന്ധുക്കളുമുണ്ടായിരുന്നില്ല. അവളുടെ ഭൎത്താവു കല്ക്കത്തയിലുള്ള ശ്രുതിപ്പെട്ട 'പാലിററ്സൌധ'ത്തിലെ ഒരു നില വാടകക്കു വാങ്ങി. ഇവിടെ കുറെദിവസം താമസിക്കാമെന്നാണ് അദ്ദേഹം തീൎച്ചയാക്കിയത്.

(തുടരും)

ഇ. ഐ. പങ്ങിയച്ചൻ ബി. എ., എൽ. ടി.

# പുസ്തകാഭിപ്രായം

നാഗാനന്ദം നാടകവും രത്നാവലിനാടികയും

ഗ്രന്ഥകൎത്താ വിദ്വാൻ കെ. പി. ഗോവിന്ദപ്പിഷാരടി, മദിരാശി പ്രസിഡൻസികോളേജ് മലയാളപണ്ഡിതൻ.

അഭിനയോചിതങ്ങളായ സംസ്കൃതനാടകങ്ങളിൽ പ്രാഥമ്യത്തെ അൎഹിക്കുന്നതാണ് 'നാഗാനന്ദം.' ഇതു നിമിത്തമാണ് ചാക്യാന്മാർ കൂടിയാട്ടത്തിന്നു പ്രധാനമായി ഈ നാടകം ഉപയോഗപ്പെടുത്തുന്നത്. ഇതിന്റെ ഗ്രന്ഥകൎത്തൃത്വം വലിയ വാദത്തിന്നു വിഷയമായിത്തീൎന്നിട്ടുണ്ട്. ശ്രീഹൎഷൻ ബാണഭട്ടന് അനവധി സ്വൎണ്ണം ദാനംചെയ്തിട്ടുണ്ടെന്നു മമ്മടൻ കാവ്യപ്രകാശത്തിൽ പറഞ്ഞിട്ടുള്ളതു വ്യാഖ്യാതാക്കന്മാൎക്കു വലിയതെററിദ്ധാരണെക്കിടകൊടുത്തിട്ടുണ്ട്. ബാണഭട്ടൻ ശ്രീഹൎഷന്റെ പേരുവെച്ചു നാടകം നിൎമ്മിച്ചതിന്നു പ്രതിഫലമായി ഹൎഷരാജാവ് അദ്ദേഹത്തിന്നു ടി ദാനം നല്കിയതാണെന്നാണ് അവരുടെ പക്ഷം. ശ്രീഹൎഷന്റെ ഒരു നാടികെക്കു രത്നാവലി എന്ന പേർ നല്കിട്ടുള്ളതുതന്നെ ഇതുകൊണ്ടാണത്രെ. ഈ വാദം എത്രയോ ബാലിശമായിട്ടുള്ളതാണെന്ന് ആൎക്കും ആലോചിച്ചാലറിയാവുന്നതാണ്. ഒന്നാമതു ബാണന്റെ ഗദ്യഗ്രന്ഥങ്ങളുടേയും ശ്രീഹൎഷന്റെ നാടകങ്ങളുടേയും രീതികൾ തമ്മിൽ അജഗജാന്തരമുണ്ട്.

രണ്ടാമതു ഹ്യൂയേൻസാങ്ങ് എന്ന ചീനക്കാരനും ദാമോദരഗുപ്തൻ എന്ന കാശ്മീരദേശവാസിയും പ്രകൃതനാടകവും രത്നാവലിയും ശ്രീഹൎഷന്റേതാണെന്നു തീൎത്തു പറഞ്ഞിട്ടുണ്ട്. ഇതിന്നും പുറമെ ശ്രീഹൎഷനെപ്പോലെ

ദ *

യുള്ള ഒരു രാജാവു 'കട്ടുനേടിയ യശസ്സിനെ'കാംക്ഷിക്കു മെന്നു വിചാരിക്കുന്നതു സാഹസമാണ്. എല്ലാം ആലോചിച്ചാൽ നാഗാനന്ദം, രത്നാവലി, പ്രിയദൎശിക എന്നീ മൂന്നുകൃതികളും ശ്രീഹൎഷചക്രവൎത്തിയുടേതുതന്നെയാണെന്നു വിചാരിക്കുവാനേ ന്യായം കാണുന്നുള്ളു.

നാഗാനന്ദത്തിലെ കഥ "അഹിംസാ പരമോ ധൎമ്മഃ" എന്ന ബുദ്ധമതതത്വത്തെ അടിസ്ഥാനപ്പെടുത്തി നിൎമ്മിച്ചിട്ടുള്ളതാണ്. "ബുദ്ധോ മുനിഃ പാതുവഃ" എന്നാണ് ഇതിലെ നാന്ദിശ്ലോകം അവസാനിക്കുന്നതെങ്കിലും ഗരുഡനും ഗൌരിയും ഇതിലെ കഥാപാത്രങ്ങളാണ്. അതിനാൽ ബുദ്ധമതം മിക്കവാറും ഹിന്ദുമതത്തിൽ ലയിച്ച കാലത്താണ് ഇതു നിൎമ്മിക്കപ്പെട്ടതെന്നു വ്യക്തമാണ്.

കഥാഘടനയിലും പാത്രസൃഷ്ടിയിലും കവി അസാമാന്യമായ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഉത്തമനായ ഒരു നായകനു വേണ്ടുന്ന സകലഗുണങ്ങളും ജീമൂതവാഹനനിൽ സവിശേഷം വിളങ്ങുന്നുണ്ട്. അക്രമരാഹിത്യം, ആത്മത്യാഗം, പരോപകാരതൽപരത എന്നീ ഗുണങ്ങളെസ്സംബന്ധിച്ചേടത്തോളം ജീമൂതവാഹനനെ അതിശയിക്കുന്ന ഒരു പാത്രം സംസ്കൃതനാടകങ്ങളിൽ കാണ്മാൻ പ്രയാസമാണ്. തന്റെ ദേഹം ഭക്ഷിച്ചുകൊണ്ടിരുന്ന ഗരുഡനെ ഭക്ഷണവിമുഖനായിക്കണ്ടപ്പോൾ

"സിരാമുഖൈഃ സ്യന്ദന ഏവ രക്ത
മദ്യാപി ദേഹേ മമ മാംസമസ്തി
തൃപ്തിം ന പശ്യാമി തവൈവ താവൽ
കിം ഭക്ഷണാൽ ത്വം വിരതോ ഗരുത്മൻ!"

എന്നു നായകൻ പറയുന്ന വാക്കിന് അക്ഷരലക്ഷം കൊടുക്കത്തക്ക യോഗ്യതയുണ്ട്. ശംഖചൂഡന്റെ

രാജഭക്തിയും നായികയുടെ വിനയം, ആത്മാഭിമാനം എന്നീ ഗുണങ്ങളും വിശിഷ്യ പ്രസ്താവ്യമാണ്. വിദൂഷകൻ ഒരു ഭക്ഷണപ്രിയൻ മാത്രമല്ല. സന്യാസവൃത്തി കൈക്കൊള്ളുവാൻ പോയ നായകനെ വിഷയോന്മുഖനാക്കിത്തീർത്തു മലയവതിയോടു ചേർക്കാനിടയാക്കിയത് അദ്ദേഹമാണ്. അതിനാൽ അദ്ദേഹത്തിനു കഥയിൽ സാരമായ പങ്കുണ്ട്. മധുകരങ്ങളുടെ ശല്യം തടുക്കാൻ രക്തവസ്ത്രങ്ങൾകൊണ്ടു മൂടിപ്പുതച്ചു പോകുന്ന വിദൂഷകനെ തൻെറ പ്രിയതമയാണെന്നു തെററിദ്ധരിച്ചു മധുമത്തനായ ശേഖരകൻ ഗാഢാലിംഗനം ചെയ്യുന്നതും മദ്യഗന്ധം ഏററു സഹിക്കവയ്യാതായപ്പോൾ "ഒരുതരം മധുകരങ്ങളുടെ ശല്യങ്ങളിൽനിന്നു തപ്പിപ്പിഴച്ചു വേറെ ഒരു മധുകരത്തിൻെറ വലയിൽ പെട്ടു" എന്ന് അയാൾ ആവലാതി പറയുന്നതും അയാളുടെ കാക്കൽവീണ ശേഖരകനെ കണ്ടിട്ടു പ്രിയതമയായ നവമാലിക കോപം ഭാവിക്കുന്നതും ചതുരിക വിദൂഷകനെ വണ്ണിതനാക്കുന്നതും മററും വളരെ രസാവഹമായിട്ടുണ്ട്. ഈ ഭാഗം അഭിനയിച്ചുകാണുന്നത് ഇതിലേറെ രസകരമായിരിക്കും.

രത്നാവലിയിലെ കഥാഘടന നന്നായിട്ടുണ്ടെങ്കിലും പാത്രസൃഷ്ടിയിൽ കവി അത്രതന്നെ മനസ്സുവെച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതിലെ നായകനും നായികയും മററു ചില പാത്രങ്ങളും 'മാളവികാഗ്നിമിത്രം' നാടകത്തിലെ ചില പാത്രങ്ങളുടെ പ്രതിച്ഛായകൾ മാത്രമാണ്. പല സംഗതികളിലും കവി, കാളിദാസനെ അനുകരിച്ചതായ ലക്ഷണങ്ങൾ ഇതിൽ കാണുന്നുണ്ട്. ഇതു കാളിദാസരിലുള്ള ബഹുമാനാതിശയംകൊണ്ടല്ലാതെ കവിയുടെ മനോധർമ്മക്കുറവുകൊണ്ടാണെന്നു തോ

ന്നുന്നില്ല. പലതുകൊണ്ടും പ്രസ്തുത നാടിക നാഗാനന്ദ ത്തേക്കാൾ വളരെ താഴെയാണെന്നുതന്നെ പറയണം.

മേൽപറഞ്ഞ രണ്ടു കൃതികളേയും ഭാഷപ്പെടുത്തിയ വിദ്വാൻ പിഷാരടി ഒരു നല്ല കവിയും പണ്ഡിതനുമാണെന്നു വെളിവാകുന്നുണ്ട്. തർജ്ജമചെയ്യുന്ന വിഷയത്തിൽ അദ്ദേഹം പ്രത്യേകസാമത്ഥ്യം പ്രദശിപ്പിച്ചിട്ടുണ്ട്. നാഗാനന്ദം പരേതനായ പറയാട്ട് അച്ച്യുതമേനവനും രത്നാവലി തീപ്പെട്ട കടത്തനാട്ടു പോർളാതിരി ഉദയവമ്മതമ്പുരാൻ തിരുമനസ്സുകൊണ്ടും പരിഭാഷപ്പെടുത്തിയതു ഞങ്ങൾ വായിച്ചിട്ടുണ്ട്. അച്ച്യുതമേനോന്റെ ഭാഷ വളരെ ലളിതവും പിഷാരടിയുടേതു പ്രൌഢവുമാകുന്നു. മാതിരി കാണിക്കാൻ രണ്ടുപേരുടെ കൃതികളിൽനിന്നും ചില ശ്ലോകങ്ങൾ താഴെ ചേക്കുന്നു:—

"കന്ദപ്പൻ വിൽ കലച്ചും സഹചരർ തുടികൊ-
ട്ടിപ്പുകഴ്ച്ചും സുരസ്ത്രീ-
വൃന്ദം ഭ്രൂഭംഗജൃംഭാസ്മിതമൊടു മിഴി വെ-
ട്ടിച്ചുമസ്സിദ്ധസംഘം
നന്നായ്കമ്പിട്ടുമിന്ദ്രൻ പുളകമിളകിയും
വിസ്മയത്താൽ കലുങ്ങീ-
ലെന്നായ്നോക്കും സമാധിസ്ഥിതമുനി പരിചിൽ
ജ്ഞാനി പാലിച്ചിടട്ടെ"

അച്ച്യുതമേനോൻ.

"കാമൻ ചാപം കലച്ചും പെരിയ പറയറ-
ഞ്ഞാടിയും തത്ഭടന്മാ-
രോമൽഭ്രൂഭംഗജൃംഭാസ്മിതലളിതമൊട-
ദ്ദിവ്യമാർ കമ്രമാന്നും
കമ്പിട്ടും സിദ്ധ,രണ്ടും സുരപതിപുളകം
നില്ക്കെ,യിസ്സവ്വരേയും
കീഴ്ക്കൽ നോക്കിച്ചുവാഴ്കും ജിനമുനിമനനം
നിങ്ങളെക്കാത്തിടട്ടെ."

പിഷാരടി.

"തിന്മാൻ കന്ദം കുടിപ്പാനരുവിജലമിരു-
ന്നീട്ടുവാൻ പാറ ശയ്യ-
ക്കുമ്മട്ടിൽ ശാദ്വലൌഘം വസതി തരുതലം
കൂട്ടു മാൻകൂട്ടമോരാം
ഇന്നൎത്ഥിക്കാതെ സൎവ്വാൎത്ഥവുമണയുമൊരി-
ക്കാട്ടിലൊന്നാണു ദോഷം
വന്നെത്തില്ലാരുമൎത്ഥിപ്പതിനിവിടെ വെറും
സ്വാൎത്ഥിയായ് പാൎത്തിടേണം."

അച്യുതമേനോൻ.

"പച്ചപ്പുൽത്തറ മെത്ത, ശുദ്ധശില നൽപീഠം, മരച്ചോടു വീ-
ടിച്ഛയ്ക്കൊത്ത ജലം കിഴങ്ങിവ കഴിപ്പാനും, മൃഗം കൂട്ടിനും
ഇച്ചോൽക്കൊണ്ട വിഭൂതി വേണ്ടതു വശത്തുണ്ടെങ്കിലും കിട്ടുമോ?
മെച്ചം കാട്ടിലലഭ്യയാചകതയാലന്യാൎത്ഥകൃത്യങ്ങളിൽ"

പിഷാരടി.

മൂലശ്ലോകത്തിലെ താൽപൎയ്യത്തെ വിടാതെയും, അശേഷം ക്ലിഷ്ടതകൂടാതെയും സ്വയംകൃതമാണെന്നു തോന്നത്തക്കവിധത്തിലും ഭാഷപ്പെടുത്തുവാൻ കവിക്കുള്ള സാമൎത്ഥ്യത്തിന്നു ദൃഷ്ടാന്തമായി രണ്ടു പദ്യങ്ങൾ താഴെ ചേൎക്കുന്നു:—

"കോട്ടുന്നു കടി കൊങ്കതന്നെ ചുമടായ് പേറേണമോ ഹാരവും
വാട്ടുന്നു തുട വൻനിതംബഭരമാണ്ടേന്തേണമേ കാഞ്ചിയും
ആട്ടുന്നു കഴലൂരുതാങ്ങവേ, വൃഥാ താന്നിച്ചിലമ്പും, പരം
മോടിക്കംഗമതാളുതാൻ മതി നിനക്കെന്തിന്നലങ്കാരവും."
"മേലാകെക്കളഭം പിരട്ടി വിവിധാലങ്കാരരത്നപ്രഭാ-
ജാലോല്ലാസിയുടുപ്പണിഞ്ഞു വിലസൽസ്സന്താനമാല്യത്തോടും
മാലേയത്തണലാശ്രയിച്ചു ദയിതാപീതാവശേഷാമൃതം
താലോലിച്ചു കുടിച്ചിടുന്നു മഹമാൎന്നിസ്സിദ്ധവിദ്യാധരർ."

എന്നാൽ 'ഇനനെഴെ' 'ഇപ്പാടെഴട്ടെ' എന്നിത്യാദി പ്രയോഗങ്ങൾ അത്ര സുഖപ്രദമായി തോന്നുന്നില്ല. 'ഗൌതമൻ തിന്നതുംപോൽ' എന്നതിലെ 'പോൽ' എന്ന പദത്തിന്റെ അൎത്ഥം അത്ര സ്പഷ്ടമല്ല. 'തവ ഘോരഹിംസാചിന്തയ്ക്കനുജ്ഞയുമത്തും ബതനാടിനായോ?' എ

ന്നതിന്റെ ശരിയായ താല്പര്യം മനസ്സിലാക്കാൻ വായനക്കാർ അല്പം കഷ്ടിക്കേണ്ടിവരും. 'ബലാൽ സ്വപക്ഷം തെളിയിച്ചുമാനസത്തിലേവളാണേറിയതിങ്ങു ഹിംസിപോൽ' എന്നതിൽ പൂർവ്വപാദത്തിലെ അന്ത്യപദം അപകടമായി മുറിച്ചതുകൊണ്ടു ശ്രവണസുഖത്തിന്നു ഭംഗം വന്നിട്ടുണ്ട്. കവിതാവാസനയുള്ള പിഷാരടിക്ക് അതു കൂടാതെ കഴിക്കാമായിരുന്നു. ഈവക ന്യൂനതകൾ എത്രയോ നിസ്സാരമായിട്ടുള്ളതാകുന്നു.

നാഗാനന്ദത്തിന്റെ ഉപോൽഘാതത്തിൽ ഗ്രന്ഥത്തിന്റെ മൂലം, കഥാവസ്തു, കല്പിതകഥാഭാഗം നാടകീയസംഭവകാലം, പാത്രനിരൂപണം, രസനിരൂപണം എന്നീവിഷയങ്ങളും രത്നാവലിയുടേതിൽ, ഗ്രന്ഥകർത്താവു, രൂപകഭേദങ്ങൾ, വസ്തു, സാമുദായികാചാരങ്ങൾ, കാലം,ദേശം, പാത്രങ്ങൾ എന്നിവയും അടങ്ങീട്ടുണ്ട്. ഈ നിരൂപണങ്ങൾ വിജ്ഞാനപ്രദവും വിദ്യാർത്ഥികൾ പ്രത്യേകിച്ചു വായിച്ചിരിക്കേണ്ടതുമാകുന്നു. എല്ലാംകൊണ്ടും കോളേജുക്ലാസ്സുകളിൽ പാഠപുസ്തകങ്ങളാകത്തക്ക യോഗ്യതയുള്ള ഈ രണ്ടു കൃതികളും സർവ്വകലാശാലക്കാരുടെ ദൃഷ്ടിയിൽ പെടാതിരിക്കയില്ലെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

## ചരമം

### ശ്രീമതി കമലാ നേഹറു

ആനന്ദഭവനത്തിൽ സാനന്ദം വസിച്ചു ചക്രവർത്തിനിയെപ്പോലെ വർത്തിക്കേണ്ടതായ ആ മഹിളാരത്നം ഭാരതവർഷത്തിന്റെ ഉൽകർഷത്തിനുവേണ്ടി സർവ്വസുഖങ്ങളുമുപേക്ഷിച്ച് അനവരതം അദ്ധ്വാനിച്ച് അനവധി ക്ലേശങ്ങളനുഭവിക്കകയാൽ രോഗഗ്രസ്തയായി

ഭവിച്ച രോഗശയ്യയെ അവലംബിക്കേണ്ടിവന്നപ്പോൾ പരിശ്രമങ്ങളിൽനിന്നു വിരമിച്ച വൈദ്യസഹായം അപേക്ഷിച്ച സീതാദേവിയെപ്പോലെ ഭർത്തൃവിയോഗദുഃഖം സഹിച്ച കുറേക്കാലം കഴിച്ചുകൂട്ടീട്ടും ആരോഗ്യം തിരിച്ചുവരായ്കയാൽ ബന്ധനവിമുക്തനായ ഭർത്താവോടും ഏകപുത്രിയോടുംകൂടി ചികിത്സാർത്ഥം പാശ്ചാത്യദേശത്തെ. പ്രാപിച്ചു നാനാവിധങ്ങളായ ചികിത്സകൾ ചെയ്തുനോക്കീട്ടും പറയത്തക്ക പ്രശമനം കാണാതിരിക്കുന്ന ആ അവസരത്തിൽ ഭർത്താവിനെ ഭാരതമഹാജനസഭയുടെ ആദ്ധ്യക്ഷ്യപദം അലങ്കരിക്കുന്നതിന് ഐകകണ്ഠ്യേന തിരഞ്ഞെടുത്ത വിവരമറിഞ്ഞു സന്തോഷിച്ച് അദ്ദേഹത്തെ അതിന്നായി പ്രേരിപ്പിച്ച് അന്ത്യശ്വാസം വരെ ഭാരതഭൂമിയുടെ അഭ്യുന്നതിക്കു പ്രാർത്ഥിച്ചു പെട്ടെന്നു വിണ്ണുപദം പ്രാപിച്ച ശ്രീമതി കമലാനേഹറു എന്നു വിശ്വവിശ്രുതയായ പ്രാണപ്രേയസിയുടെ ചരമത്താൽ ചഞ്ചലചിത്തനാകാതെ പ്രശാന്തഗംഭീരമായ സമുദ്രം പോലെ സ്ഥിതിചെയ്യുന്ന ഭാരതനേതാവായ പണ്ഡിതജവഹരിലാൽ നേഹറുവിന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മുക്കുകളിലും മൂലകളിലും നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന അനുശോചനലേഖനങ്ങൾ ഈ ദമ്പതിമാരുടെ ഗുണഗണങ്ങളും സർവ്വോപരി സ്വരാജ്യസ്നേഹവും മറ്റും വെളിപ്പെടുത്തുന്നതാകയാൽ അവരുടെ മുന്നണിയിൽനിന്നു ഖിന്നതയാൽ ഒന്നും മിണ്ടാൻ വയ്യാതെ പരുങ്ങുന്ന ലക്ഷ്മീഭായിയുടെ ഹൃദയപൂർവ്വകമായ സാന്ത്വനവാക്യങ്ങൾ ആ പുരുഷകേസരിക്കും അദ്ദേഹത്തിന്റെ കുടുംബക്കാർക്കും സമാശ്വാസം നല്കുന്നതിന്നും പരേതയായ ആ പുണ്യവതിക്കു ശാശ്വതസുഖമരുളുന്നതിന്നും ഇടയാക്കാൻ അഖിലലോകമാതാവായ ജഗദീശ്വരിയെ ലക്ഷ്മീഭായി ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

## ചുവർപഞ്ചാംഗങ്ങൾ

കച്ചവടം മെച്ചമാകുന്തോറും കലണ്ടറുകളുടെ കമനീയതയ്ക്കും കാൎയ്യവിവരങ്ങൾക്കും അഭിവൃദ്ധിയുണ്ടാകുന്നതാണ്. നാൾ പക്കം ആഴ്ച തിയ്യതി മുതലായവ അറിയണമെങ്കിൽ ചുവരിന്മേൽ നോക്കാതെ തരമില്ലെന്നമട്ടായിത്തീൎന്നിട്ടുണ്ട്. ഇതു മനുഷ്യരുടെ ബുദ്ധിയുടെ ദൌൎബ്ബല്യത്തെക്കുറിക്കുന്നതാണ്. എങ്കിലും ജോലി വൎദ്ധിക്കുമ്പോൾ വിരൽ മടക്കി കണക്കു കൂട്ടുവാനും മററും സമയമില്ലാത്ത സ്ഥിതിക്ക് ഈവക പഞ്ചാംഗങ്ങളുടെ ആവിർഭാവം കാലാനുകൂലമായിട്ടുള്ളതാകുന്നു. താഴെ പറയുന്ന പഞ്ചാംഗങ്ങൾ ഞങ്ങളുടെ അഭിപ്രായത്തിന്നയച്ചുതന്നതു നന്ദിപൂൎവ്വം സ്വീകരിച്ചിരിക്കുന്നു.

൧. മെസേർസ് വി. എസ്. രാമൻവൈദ്യർ ബ്രദർസിന്റെ സ്വരാജ്യഫാർമസി, ആലുവാ.

൨. എസ്. രാജൻ ആൻഡ് ബ്രദർസ്, ആഭരണങ്ങളും രത്നവും വ്യാപാരം, തൃശ്ശിനാപ്പള്ളി.

൩. ബുൾബ്രാൻഡ് കസ്കസ് (രാമച്ച) സോപ്പുകമ്പനി, തൃശ്ശിവപേരൂർ.

൪. എസ്. വെങ്കുഅയ്യർ സൺസ്; കസവുവസ്ത്രങ്ങൾ, പട്ടുകൾ, സാരികൾ മുതലായ വ്യാപാരം, തൃശ്ശിവപേരൂർ.

൫. ജനറൽ ട്രേഡിംഗ് കമ്പനി, ആഭരണങ്ങൾ, കണ്ണടകൾ മുതലായവ, പാളയം, തിരുവനന്തപുരം.

൬. കേരളസോപ്പ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട്.

ഇവയിൽ ഓരോന്നിലും ചേൎത്തിട്ടുള്ള കമനീയങ്ങളായ ചിത്രങ്ങൾ കണ്ടാൽ അതതിന്റെ പ്രവൎത്തകന്മാരുടെ ചിത്തവൃത്തി അനുമാനിക്കാവുന്നതാണ്.

പേരുകേട്ട ആഭരണവ്യാപാരികളായ മെസേർസ് കെ. ഈശ്വരവാരിയർ ബ്രദർസിന്റെ (തൃശ്ശൂർ) കലണ്ടർ പ്രഭാമണ്ഡലത്താൽ അലംകൃതമായ വിഗ്രഹംപോലെ പ്രശോഭിക്കുന്നു. ഇതിന്റെ തിയ്യതിയും ആഴ്ചയും പ്രതിദിനം മാററിവെക്കേണമെങ്കിലും സൂക്ഷിച്ചാൽ ഒരു വ്യാഴവട്ടമല്ല പുരുഷായുസ്സു മുഴുവനും ഉപയോഗയോഗ്യമാക്കിത്തീൎക്കാവുന്നതാകുന്നു. ഈ കലണ്ടറിന്റെ ശ്രേഷ്ഠത്വം കച്ചവടത്തിന്റെ കട്ടിത്തത്തെ കാണിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

'ചരക്കുമിടുക്കു'കൊണ്ടു വ്യാപാരം ചെയ്തുപോരുന്ന മേൽപ്രസ്താവിച്ച ആറു കമ്പനിക്കാൎക്കും ഈരാറു പന്ത്രണ്ടരുളുന്നതിന്നു പന്തിരണ്ടര ചൂടുന്ന ദേവനെ ഞങ്ങൾ ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊള്ളുന്നു.